RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 8 ● ലക്കം 1 ● സെപ്തംബർ 2025 ● വില: 18 രൂപ

# വൈണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ

## വിശിഷ്ട അധ്യാപകർ
### പ്രത്യേക പതിപ്പ്




LINEN PARK®
DHOTIS • SHIRTS • TROUSERS • FABRICS
by
RAMRAJ©
STORE LOCATION
Shop Online at
www.ramrajcotton.in
Available at Ramraj Showrooms And All Leading Textile Shops

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

സ്നേഹവും ജ്ഞാനവും മര്യാദയും പഠിപ്പിച്ച് അടുത്ത തലമുറയെ വാർത്തെടുക്കുന്ന സ്നേഹനിധികളായ അധ്യാപകരെ ആദരിച്ചു വണങ്ങാം. നമുക്ക് പാഠമാകുന്ന എല്ലാവരേയും അധ്യാപകരായി കണ്ട് വണങ്ങാൻ വഴികാട്ടിയാകുന്ന

# വിശിഷ്ട അധ്യാപകർ

## പ്രത്യേക പതിപ്പ്



താങ്കൾക്ക് നൽകുന്നതിൽ അഭിമാനമുണ്ട്.

# അറിവിന്റെ നാളങ്ങൾ

ഒരു രാജ്യം ഔന്നത്യത്തിലേക്ക് കുതിക്കുകയാണെങ്കിൽ അതിനു പിന്നിൽ മൂന്നു പേർ ഉണ്ടാകും: മാതാ, പിതാ, ഗുരു. ഈ മൂന്നു പേർക്കും ഒരു വ്യക്തിയുടെ ജീവിതം മാറ്റിമറിക്കാനുള്ള ശക്തിയുണ്ട്. അമ്മ കുഞ്ഞിനെ ഗർഭത്തിൽ ചുമന്നിരിക്കാം. അച്ഛൻ ബാല്യത്തിൽ തോളിൽ ചുമന്നിരിക്കാം. എന്നാൽ ജീവിതത്തിൽ ഒരു കുട്ടിയെ നിവർന്നു നിൽക്കാൻ പഠിപ്പിക്കുന്നത് ഗുരുക്കന്മാരാണ്.

ഞാൻ കണ്ട ഓരോ അധ്യാപകരും എന്റെ മനസ്സിൽ കടന്നു വരികയാണ്. ഒന്നാം ക്ലാസിൽ പഠിപ്പിച്ച ദുരൈസ്വാമി സാർ, രണ്ടിൽ വെങ്കടാചല സാർ, മൂന്നിൽ മാരിമുത്തു സാർ, നാലിൽ പെരുമാൾ സാർ, അഞ്ചിൽ ശ്യാമള ടീച്ചർ, ആറിൽ ജയാമ്മ ടീച്ചർ, എഴിൽ നാരായണ സ്വാമി സാർ, എട്ടിൽ സ്വാമിനാഥൻ സാർ, ഒമ്പതിൽ വിമല ടീച്ചർ, പത്തിൽ കറുപ്പു സ്വാമി സാർ, പതിനൊന്നിൽ നഞ്ചപ്പ സാർ, എൻ സി സിയിലെ ശുപ്പണ്ണ സാർ, നടരാജൻ സർ എന്നിങ്ങനെ നിരവധി പേർ എന്റെ കണ്മുന്നിൽ വരുന്നു. ഇത് വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിലും നിങ്ങളുടെ അധ്യാപകരുടെ മുഖം ഓടിക്കൊണ്ടിരിക്കും.

ലോകം സൃഷ്ടിച്ച ശിവനെ മുരുകൻ അധ്യാപകനായി പഠിപ്പിക്കുന്നു. കമ്പ രാമായണത്തിൽ സീതയുടെ പിതാവ് ജനക മഹാരാജാവിന്റെ ഗുരു വിശ്വാമിത്രനെ ശ്രീരാമനെ പരിചയപ്പെടുത്തുന്നത് ദശരഥ മഹാരാജാവിന്റെ മകൻ എന്നല്ല, വസിഷ്ഠന്റെ ശിഷ്യൻ എന്ന നിലയ്ക്കാണ്.

മഹാനായ കാഞ്ചി ശങ്കരാചാര്യരോട് ഒരിക്കൽ മാധ്യമ പ്രവർത്തകർ 'ഈ മഠാധിപതി സ്ഥാനമേറ്റതിൽ താങ്കൾക്ക് എപ്പോഴെങ്കിലും പശ്ചാത്താപം തോന്നിയിട്ടുണ്ടോ' എന്ന് ആരായുകയുണ്ടായി. 'അതെ, പശ്ചാത്തപിച്ചിട്ടുണ്ട്. എന്നെ പഠിപ്പിച്ച അധ്യാപകർ വരുമ്പോൾ എനിക്ക് എഴുന്നേറ്റ് അവരെ വണങ്ങാൻ കഴിയുന്നില്ലല്ലോ എന്ന പശ്ചാത്താപം തോന്നിയിട്ടുണ്ട്' എന്ന് അദ്ദേഹം പറഞ്ഞു

'വിദ്യാഭ്യാസമാണ് ജീവിതത്തിൽ ഉയർച്ച നൽകുന്നത്' എന്ന് മാറിയ ഇന്നത്തെ കാലഘട്ടത്തിൽ, ഒരു കുട്ടി മാതാപിതാക്കളോടൊപ്പം വളരുന്നതിനേക്കാൾ അധ്യാപകർക്കൊപ്പം വളരുന്ന സമയമാണ് അധികം. അതിനാലാണ് അധ്യാപക ജോലിക്ക് മഹിമയും ബഹുമാനവും. അധ്യാപകനായി ഏറെക്കാലം ജീവിച്ച് ഇന്ത്യയുടെ രാഷ്ട്രപതിയായി ഉയർന്ന എസ് രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്തംബർ അഞ്ചിനാണ് നാം അധ്യാപക ദിനം ആഘോഷിക്കുന്നത്. ഈ അവസരത്തിൽ അധ്യാപകരായി കഴിഞ്ഞ ശേഷം രാഷ്ട്രപതിയായി ഉയർന്ന മൂന്ന് പേരെ അനുസ്മരിക്കുന്നത് അഭിമാനകരമാണ്.

'ജനങ്ങൾ എന്നെ നല്ല അധ്യാപകനായി കണ്ടാൽ അതിലും വലിയ ആദരവില്ല' എന്ന് മുൻ രാഷ്ട്രപതി എ പി ജെ അബ്ദുൾ കലാം പറഞ്ഞു. ഇന്ത്യയുടെ രാഷ്ട്രപതി, വിവര സാങ്കേതികതയിൽ ഇന്ത്യയെ മുന്നിൽ നയിച്ച ശാസ്ത്രജ്ഞൻ, ഇന്ത്യയുടെ മിസൈൽ പദ്ധതിയുടെ സൂത്രധാരൻ എന്നീ നിലകളിൽ പേരെടുത്ത ഡോ. അബ്ദുൽ കലാമിന് അവയേക്കാൾ പ്രധാനം അധ്യാപകൻ എന്ന വിശേഷണമായിരുന്നു. ശാസ്ത്രജ്ഞനായും രാഷ്ട്രപതിയായും വിരമിച്ച ശേഷവും അദ്ദേഹം അധ്യാപകനായാണ് പ്രവർത്തിച്ചത്. ഒരു രാജ്യത്തിന്റെ ഭാവി ക്ലാസ് മുറികളിൽ നിന്നാണ് തുടങ്ങുന്നതെന്ന് അദ്ദേഹത്തിന് നിശ്ചയമുണ്ടായിരുന്നു.


ഒരു അധ്യാപകൻ എങ്ങനെ വേണമെന്നതിന്റെ വലിയ ഉദാഹരണമായിരുന്നു മുൻ രാഷ്ട്രപതി ശങ്കർ ദയാൽ ശർമ്മ. അദ്ദേഹം രാഷ്ട്രപതിയായിരിക്കവേ ഒമാൻ സന്ദർശിച്ചപ്പോൾ സുൽത്താൻ കബൂസ് ബിൻ സയ്യിദ് അദ്ദേഹത്തെ വിമാനത്താവളത്തിൽ എത്തി സ്വീകരിച്ചു. 'ഇത് കീഴ്‌വഴക്കം അല്ലല്ലോ. രാജാവ് നേരിട്ട് അദ്ദേഹത്തെ സ്വീകരിക്കാൻ പോയത് ശരിയാണോ' എന്ന് ചോദിച്ചപ്പോൾ സുൽത്താൻ പറഞ്ഞു, 'ഞാൻ ഇന്ത്യയിൽ പൂനെ സർവകലാശാലയിൽ പഠിക്കുമ്പോൾ എന്റെ



അധ്യാപകനായിരുന്നു ശങ്കർ ദയാൽ ശർമ്മ. ഞാൻ എന്റെ അധ്യാപകനെയാണ് സ്വീകരിച്ചത്. രാഷ്ട്രപതിയെ അല്ല.' വിദ്യാർത്ഥികളുടെ മനസ്സിൽ അധ്യാപകർ എന്താണ് എന്ന് വ്യക്തമാക്കുന്ന സംഭവമാണ് ഇത്.

മൂന്നാമതായി അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന എബ്രഹാം ലിങ്കൻ തന്റെ മകന്റെ അധ്യാപകന് എഴുതിയ കത്ത് ഏറെ പ്രസക്തമാണ്.

'എന്റെ മകന് പുസ്തകം എന്ന അത്ഭുത ലോകത്തെ തുറന്നു കാട്ടണം. അതേ പോലെ പ്രകൃതിയുടെ സുന്ദരമായ പാഠങ്ങളും പഠിപ്പിക്കുക. ആകാശത്ത് പറക്കുന്ന പക്ഷികൾ അനുഭവിക്കുന്ന സ്വാതന്ത്ര്യവും തേനീച്ചകളുടെ ചുറുചുറുക്കും മലയടിവാരത്തിലുള്ള പൂക്കളുടെ അഴകും അറിയാനും ആസ്വദിക്കാനും അവനെ പഠിപ്പിക്കുക. ചതിക്കുന്നതിലും തോൽവിയടയുന്നത് എത്രയോ മഹനീയമാണെന്ന് അവനെ പഠിപ്പിക്കണം. സഹജീവികളുടെ ശബ്ദത്തിന് അവൻ കാതോർക്കണം. വിഷമിക്കുമ്പോൾ എങ്ങനെ ചിരിക്കാനാകുമെന്ന് അവനെ ധരിപ്പിക്കണം. കഷ്ടപ്പാടുകൾ കണ്ടാൽ സഹാനുഭൂതിയോടെ പെരുമാറാൻ അവന് അവസരം നൽകണം' എന്നിങ്ങനെ നീണ്ടുപോകുന്നു ആ കത്ത്.



The Culturepreneur

അധ്യാപകൻ നിരന്തരമായി പഠിച്ചാൽ മാത്രമേ നല്ല അധ്യാപകനായിരിക്കാൻ കഴിയൂ. വിദ്യാഭ്യാസം എന്നത് വെറുതെ ഒരു പാത്രത്തിൽ എന്തെങ്കിലും നിറയ്ക്കുന്നതല്ല. അത് മറ്റൊരാളിൽ അറിവിന്റെ ദീപം തെളിയിക്കുന്ന അത്ഭുത കൃത്യമാണ്. ഒരു നല്ല അധ്യാപകൻ തന്റെ വിദ്യാർത്ഥിയെ യഥാർത്ഥ വ്യക്തികളാക്കി മാറ്റും. ഉണർവ് ഉള്ള, ചോദ്യങ്ങൾ ചോദിച്ച് അറിവ് സമ്പാദിക്കുന്ന, ചിന്തിച്ച് സത്യങ്ങൾ ഗ്രഹിക്കുന്ന പൂർണ മനുഷ്യരാക്കി മാറ്റും.

വിദ്യാർത്ഥികളിൽ നല്ല സംസ്കാരം വളർത്തി അവരെ മികവുറ്റ വ്യക്തികളാക്കുന്നതിലാണ് ഒരു അധ്യാപകന്റെ കഴിവ്. സാമൂഹിക ബോധത്തോടെ കുട്ടികളെ രൂപപ്പെടുത്തുമ്പോൾ വിദ്യാഭ്യാസവും മേന്മയുള്ളതാകും. ആരോഗ്യകരമായ സമൂഹം രൂപപ്പെടും. ആദരണീയരായ അധ്യാപകരെ നാം പ്രോത്സാഹിക്കുമ്പോൾ നമ്മുടെ ഭാവി ജനതയെയാണ് നാം രൂപപ്പെടുത്തുന്നത്.

ഗുരുകൃപ,
സമസ്ത ഐശ്വര്യങ്ങളും നേർന്നു കൊണ്ട്,

**കെ ആർ നാഗരാജൻ**
**സ്ഥാപകൻ**
**രാംരാജ് കോട്ടൺ**



# സ്നേഹനിധികളായ അധ്യാപകർ

മഹാലക്ഷ്മി ടീച്ചർ എന്ന് കേട്ടാൽ സ്കൂളിൽ എല്ലാ കുട്ടികൾക്കും ഭയം. അവർ ഗണിതം പഠിപ്പിച്ചാൽ അത് പിൻബെഞ്ചിൽ ഇരിക്കുന്നവർക്ക് പോലും മനസ്സിലാകും. ശിക്ഷിക്കുന്നതിലും അവർ പ്രശസ്തയാണ്. ക്ലാസ്സിൽ കുരുത്തക്കേടു കാട്ടുന്നവരെ അവർ നന്നായി ശിക്ഷിക്കും. അതേസമയം നല്ല സ്നേഹവും അവർക്കുണ്ട്. പ്ലസ് വണ്ണിലും ടുവിലും പഠിക്കുന്ന എല്ലാ കുട്ടികളുടെയും മാതാപിതാക്കളെയും അവർക്ക് നേരിട്ടറിയാം; അവരുടെ കുടുംബ പശ്ചാത്തലവും.

സ്കൂൾ മൈതാനത്ത് കളിക്കുന്ന കുട്ടികൾ ആർക്കെങ്കിലും പരിക്കേറ്റാൽ അവരെ കരുതലോടെ ആശുപത്രിയിൽ എത്തിക്കാൻ ഏർപ്പാട് ചെയ്യും. ആരെങ്കിലും രാവിലെ ആഹാരം കഴിക്കാതെ വന്ന് ബഞ്ചിൽ ക്ഷീണിച്ചു കിടന്നാൽ സ്കൂളിനു അടുത്തുള്ള ഹോട്ടലിലേക്ക് അയച്ച് ആഹാരം കഴിപ്പിക്കും. ആ ഹോട്ടലിൽ ഇതിനായി അവരുടെ പേരിൽ ഒരു അക്കൗണ്ട് ഉണ്ട്. അവരുടെ ശമ്പളത്തിൽ ഒരു ഭാഗം ഇതിനായി പോകും.

ഒരു ദിവസം ഓഫീസ് ജോലി ഉണ്ടായിരുന്നതിനാൽ അൽപം താമസിച്ചാണ് അവർ ക്ലാസിൽ എത്തിയത്. അവർ ഉള്ളിൽ എത്തുമ്പോൾ കണ്ട കാഴ്ച അത്ഭുതപ്പെടുത്തി. കുട്ടികൾ രണ്ടു ചേരിയായി തിരിഞ്ഞ് കലഹിക്കുന്നു. ആകെ ബഹളമയം. ടീച്ചർ ഉള്ളിൽ കയറിയതും ക്ലാസ് നിശ്ശബ്ദമായി. എല്ലാവരും അവരവരുടെ സീറ്റിൽ പോയിരുന്നു. ഭയത്തിൽ കരഞ്ഞു കൊണ്ടിരുന്ന വിദ്യാർത്ഥികളോട് അവർ വിവരങ്ങൾ ആരാഞ്ഞു. ആ നാട്ടിൽ രണ്ടു പ്രദേശത്തു നിന്നുള്ള രണ്ടു വിദ്യാർത്ഥികൾ തമ്മിലുണ്ടായ കശപിശ രണ്ടു പ്രദേശങ്ങൾ തമ്മിലുള്ള പോര് പോലെ വളരുകയായിരുന്നു.

‘ഇങ്ങനെ വേർതിരിഞ്ഞ് കലഹിക്കാനല്ലല്ലോ നിങ്ങളെ ഞാൻ പഠിപ്പിച്ചത്? ഒരേ ബെഞ്ചിൽ ഇരുന്നു പഠിക്കുന്ന സഹവിദ്യാർത്ഥിയെ നിങ്ങൾക്ക് എങ്ങനെ അന്യനായി കണ്ടു ദ്രോഹിക്കാനാകും?’ അവർ ചോദിച്ചു. ഇത് കേട്ടതും എല്ലാ വിദ്യാർത്ഥികളും എഴുന്നേറ്റു നിന്ന് അവരോടു മാപ്പ് ചോദിച്ചു. ‘ഇനി ഇങ്ങനെ കലഹിക്കില്ല’ എന്നവർ ഉറപ്പു നൽകി.

അതിനു ശേഷം അവർ ക്ലാസ് എടുക്കാൻ ആരംഭിച്ചു. വളരെ കഠിനമായ ഒരു ഗണിത സൂത്രവാക്യം അവർ വിവരിച്ചപ്പോൾ, ക്ലാസ് നിശ്ശബ്ദമായി. നടന്ന വഴക്കിന്റെ ആഘാതം തീരാത്ത അവസ്ഥയിൽ ഈ പാഠം ആർക്കും മനസ്സിലാകില്ലെന്ന് അവർക്ക് ബോധ്യപ്പെട്ടു.

പഠിപ്പിക്കുന്നത് നിർത്തി അവർ എല്ലാ വിദ്യാർത്ഥി കൾക്കും ഒരു പേപ്പർ നൽകി. 'ഓരോരുത്തരും നിങ്ങളുടേതൊഴികെ ഈ ക്ലാസിൽ ഉള്ള മറ്റെല്ലാവരുടെ പേരും ഒന്നൊന്നായി എഴുതൂ' എന്ന് പറഞ്ഞു. എല്ലാവരും എഴുതി. 'ഇനി ഒരോരുത്തരുടെ പേരിന് നേരെയും നിങ്ങൾ അവരിൽ കണ്ട ഗുണവും അല്ലെങ്കിൽ അവരെക്കുറിച്ചുള്ള എന്തെങ്കിലും ഏറ്റവും മികച്ച കാര്യങ്ങളും എഴുതൂ' എന്ന് അവർ പറഞ്ഞു. ഓരോ വിദ്യാർത്ഥിയും ക്ലാസിലുള്ള സഹവിദ്യാർത്ഥികളെക്കുറിച്ച് ഒരു മികച്ച കാര്യം എഴുതണം. എല്ലാവരും എഴുതിക്കഴിഞ്ഞപ്പോൾ പേപ്പറുകൾ മൊത്തമായി വാങ്ങി ടീച്ചർ പോയി.

ആഴ്ചഅവധിദിനത്തിൽടീച്ചർആപേപ്പർഎല്ലാം എടുത്തു വായിച്ചു. ഒരു വിദ്യാർത്ഥിയെക്കുറിച്ച് മറ്റ് വിദ്യാർത്ഥികൾ എഴുതിയ എല്ലാം മുറിച്ച് ഒരു പേപ്പറിൽ ഒട്ടിച്ചു. ആ വിദ്യാർത്ഥിയെക്കുറിച്ചുള്ള തന്റെ മികച്ച അഭിപ്രായവും അതിൽ എഴുതി അവർ ഒപ്പിട്ടു. അടുത്ത തിങ്കളാഴ്ച ക്ലാസിൽ വന്നതും അവർ അത് എല്ലാവർക്കും വിതരണം ചെയ്തു. എല്ലാ വിദ്യാർത്ഥികളും അത് വായിച്ച് വികാരഭരിതരായി. 'നമ്മെ ഇത്രയും ഉന്നതരായി സഹവിദ്യാർത്ഥികൾ കരുതുന്നതും നമ്മെ ഇത്ര കണ്ട് സ്നേഹിക്കുന്നതും' വായിച്ച് ഓരോരുത്തരും



നിർവൃതിയിലായി. ഇതിനു ശേഷം ആ ക്ലാസിൽ വഴക്കുകൾ ഉണ്ടായില്ല. അവർ ഇടപഴകുന്ന രീതിയിൽ വലിയ വ്യത്യാസം വന്നു. എല്ലാവരും മുമ്പത്തേക്കാൾ നന്നായി പഠിച്ചു.

മഹാലക്ഷ്മി ടീച്ചർ അതിനു ശേഷം സ്ഥലം മാറി മൂന്നു സ്കൂളുകളിൽ പഠിപ്പിച്ചു. ഇപ്പോൾ മറ്റൊരു ജില്ലയിൽ ജോലി ചെയ്യുകയാണ്. ഒരു ദിവസം പെട്ടെന്ന് പഴയ സ്കൂളിൽ നിന്ന് ഒരു ഫോൺ. 'വസന്ത് മരിച്ചു. നാളെയാണ് വസന്തിന്റെ അന്ത്യ ചടങ്ങുകൾ. അതിന് ടീച്ചർ വരണമെന്ന്അവന്റെ മാതാപിതാക്കൾക്ക് വലിയ ആഗ്രഹമുണ്ട്.' അവിടെ അവരോടൊപ്പം ജോലി ചെയ്ത അധ്യാപകനായിരുന്നു ഫോണിൽ.

അവർക്ക് വസന്തിനെ നല്ല ഓർമ്മയുണ്ട്. ക്ലാസിൽ അന്ന് വലിയ കലഹത്തിന് തുടക്കമിട്ട രണ്ടു പേരിൽ ഒരാൾ. അതിനു ശേഷം നന്നായി പഠിച്ച് റാങ്ക് വാങ്ങി സൈന്യത്തിൽ ഓഫീസറായി. അതിർത്തിയിൽ ഭീകരരെ നേരിടുന്ന വേളയിൽ വസന്ത് വീരമൃത്യു വരിച്ചത് വാർത്തയായിരുന്നു.

വസന്തിന്റെ മാതാപിതാക്കൾ മഹാലക്ഷ്മി ടീച്ചറിന്റെ കൈകൾ പിടിച്ചു കരഞ്ഞു. ടീച്ചർ അന്ത്യാഞ്ജലി അർപ്പിച്ചതും ചില സൈനിക ഉദ്യോഗസ്ഥർ അവരെ സമീപിച്ചു. 'നിങ്ങളാണല്ലേ വസന്തിന്റെ ഗണിതാധ്യാപിക? നിങ്ങളെ പറ്റി അവൻ എപ്പോഴും പറയുമായിരുന്നു' എന്ന് പറഞ്ഞ ശേഷം അവർ ഒരു പഴ്സ് അവർക്ക് നൽകി. 'വസന്തിന്റെ പോക്കറ്റിൽ എപ്പോഴും ഇത് ഉണ്ടാകും; അവൻ മരിക്കുമ്പോൾ പോലും. ഇതിലുള്ള ഒരു പേപ്പർ ദിവസവും ഒരു തവണ അവൻ വായിക്കും' എന്ന് പറഞ്ഞു ഒരു കടലാസ് അവരെ കാട്ടി.

മഹാലക്ഷ്മി ടീച്ചർ വികാരഭരിതയായി. ക്ലാസിൽ സഹ വിദ്യാർത്ഥികൾ അവനെപ്പറ്റി എഴുതിയ വാക്കുകൾ ഒട്ടിച്ച പേപ്പർ. അത് അവിടവിടെ കീറിയിരിക്കുന്നു. 'ഇത് അവന്റെ ജീവിതം മാറ്റി മറിച്ചു എന്ന് പറയുമായിരുന്നു' സൈനികർ പറഞ്ഞു.

കുട്ടികൾ ആ പേപ്പർ വളരെ ഭദ്രമായി വച്ചിരിക്കുന്നു എന്നവർക്ക് മനസ്സിലായി. ഒരു സാധാരണ കാര്യം ഇത്ര ആഴത്തിൽ വിദ്യാർത്ഥികളെ സ്പർശിക്കുമെന്ന് അവർ കരുതിയിരുന്നില്ല. അവരുടെ കണ്ണുകൾ നിറഞ്ഞു.

നൽവഴികാട്ടുന്ന അധ്യാപകരെ ആദരിക്കാം. ●

# അനുഭവങ്ങൾ പഠിക്കാം



ഒരു കമ്പ്യൂട്ടറിൽ നിന്ന് മറ്റൊരു കമ്പ്യൂട്ടറിലേക്ക് വിവരങ്ങൾ മാറ്റുന്നത് പോലെ അറിവ് തന്റെ മസ്തിഷ്കത്തിൽ നിന്ന് വിദ്യാർത്ഥിയുടെ മസ്തിഷ്കത്തിലേക്ക് മാറ്റുന്നത് അധ്യാപകന്റെ കടമയല്ല. കപ്പലുകൾക്ക് ലൈറ്റ്ഹൗസ് ദിശ കാണിച്ചു കര കാട്ടുന്നത് പോലെ വിദ്യാർത്ഥികൾക്ക് അറിവിന്റെ ദിശ കാട്ടുന്നയാളാണ് അധ്യാപകൻ.

സ്കൂളിലും കോളേജിലും പഠിക്കാൻ വിദ്യാർത്ഥികൾക്ക് പലവിധ പ്രശ്ങ്ങൾ ഉണ്ടാകും. ചിലർക്ക് എങ്ങനെ ജയിക്കാനാകും എന്നറിയില്ല. എല്ലാവർക്കും ആത്മവിശ്വാസം നൽകി ജീവിതത്തിൽ വിജയികളായ മനുഷ്യരായി മാറ്റുന്നത് അധ്യാപകരാണ്. നല്ല അധ്യാപകരിൽ നിന്ന് അനുഭവങ്ങൾ പഠിച്ചവർ ഭാഗ്യശാലികളാണ്.

# അധ്യാപകന്റെ അവതാരങ്ങൾ



സ്നേഹസമ്പന്നനായ ഒരു അധ്യാപകൻ പല രൂപങ്ങൾ കൈക്കൊള്ളും. നാൽപതിലേറെ വരുന്ന കുട്ടികൾക്ക് അമ്മയായും അച്ഛനായും അവർ അവതരിക്കും. കുട്ടികൾ ജീവിതത്തിൽ എങ്ങനെ മുന്നേറണം എന്ന് സ്വന്തം ജീവിതത്തെ ഉദാഹരണമായി കാട്ടുന്ന റോൾ മോഡലും അവരാണ്. നല്ല സുഹൃത്തായും സ്നേഹത്തോടെ കുട്ടികളെ പരിപാലിക്കുന്ന സംരക്ഷകനായും അവർ നിലകൊള്ളും. അവരുടെ ഭാവിക്ക് വഴികാട്ടുന്ന വ്യക്തിയും അധ്യാപകരാണ്. അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വഴികാട്ടുന്നതും അവർ തന്നെ. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം അറിയാമെന്ന് കുട്ടികൾ കരുതുന്നതിനാൽ അവരുടെ ഗൂഗിളും അധ്യാപകർ തന്നെ.

# ക്ലാസിനും അപ്പുറം ഒരു വഴികാട്ടി

ക്ലാസിൽ പാഠം ചൊല്ലിക്കൊടുത്തതോടെ ഒരു അധ്യാപകന്റെ കടമ തീരുന്നില്ല. തന്റെ കീഴിൽ പഠിക്കുന്ന കുട്ടികൾ ഏതു നിലയിൽ നിന്ന് വരുന്നതാണെന്ന് അന്വേഷിച്ച് അറിയുന്നതും അവരുടെ വിദ്യാഭ്യാസത്തിന് തടസ്സമാകുന്ന പ്രശ്നങ്ങളെ കുട്ടികളോടൊപ്പം ഇരുന്ന് പരിഹരിക്കുന്നതും ആത്മവിശ്വാസമില്ലാത്ത കുട്ടികളെ ശരിയായ വഴി കാട്ടുന്നതും ഒരു അധ്യാപകന്റെ ഉത്തരവാദിത്തമാണ്.



സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാതപിതാക്കളുടെ വഴികാട്ടലും പഠനത്തിനാവശ്യമായ സൗകര്യങ്ങളും ലളിതമായി ലഭിക്കും. അവിടെ അധ്യാപകന്റെ സംഭാവന ക്ലാസിൽ പഠിപ്പിക്കുന്നതോടെ അവസാനിച്ചാലും, സ്വകാര്യ സ്കൂൾ വിദ്യാർത്ഥികൾക്ക് തങ്ങൾക്ക് വേണ്ട അവസരങ്ങൾ തേടി കണ്ടെത്താൻ കഴിയും. സർക്കാർ സ്കൂളുകളിൽ അത് സാധ്യമല്ല. ദാരിദ്ര്യവും പട്ടിണിയും ചൂഴുന്ന ജീവിതത്തിൽ നിന്ന് തങ്ങളുടെ സൂര്യോദയം വിദ്യാർത്ഥികൾ സർക്കാർ സ്കൂളുകളിൽ തേടും. അവർക്ക് ലഭിക്കുന്ന ഏക വഴികാട്ടി അധ്യാപകരാണ്. അതിനാൽ, ക്ലാസ് മുറിക്കും അപ്പുറം സർക്കാർ സ്കൂൾ വിദ്യാർത്ഥികളെ മനസ്സിലാക്കുന്നവർക്കേ നല്ല അധ്യാപകരാകാൻ കഴിയൂ.

# ചോദ്യങ്ങൾ ചോദിച്ച് പാഠം പഠിച്ചവർ

ലോകത്തിലെ പ്രമുഖ ധനികരിൽ ഒരാളായ മൈക്രോസോഫ്റ്റ് തലവൻ ബിൽ ഗേറ്റ്സ് തന്റെ ഏറ്റവും മികച്ച അധ്യാപകനെ പറ്റി ഇടയ്ക്കിടെ പറയും. അദ്ദേഹത്തെ കമ്പ്യൂട്ടർ സാങ്കേതികത പഠിപ്പിച്ചവരോ ധനം സമ്പാദിക്കാൻ വഴികാട്ടിയവരോ ബിസിനസ് പാഠങ്ങൾ പഠിപ്പിച്ചവരോ അല്ല അത്. പ്രൈമറി സ്കൂളിലെ ബ്ലാൻച് കഫീർ എന്ന ലൈബ്രേറിയനാണ് ആ അധ്യാപകൻ എന്ന് അദ്ദേഹം പറയുന്നു.

സ്കൂളിൽ പഠിക്കുമ്പോൾ വലിയ നാണം കുണുങ്ങിയായിരുന്നു ബിൽ ഗേറ്റ്സ്. കൈപ്പടയും മോശം. ശരാശരി മാർക്ക് വാങ്ങിയിരുന്ന വിദ്യാർത്ഥി. തന്റെ മനസ്സിലുള്ള ഒരു കാര്യവും പുറമേ പറയില്ല. മാത്രമല്ല ലൈബ്രറിയിൽ പോയി അയാൾ വായിക്കുന്ന പുസ്തകങ്ങൾ സ്ത്രീകൾക്കു വേണ്ടിയുള്ളതായിരിക്കും.



'ലൈബ്രേറിയൻ ബ്ലാൻച് എന്നെ കളിയാക്കും,' 'പുസ്തകങ്ങൾ വായിക്കുന്നത് വളരെ നന്ന്. അത് സ്ത്രീകൾക്കുള്ളതാണെങ്കിലും.' എനിക്ക് ഏത് പുസ്തകമാണ് ഇഷ്ടം എന്ന് മനസ്സിലാക്കി അത് എവിടെ നിന്നെങ്കിലും വാങ്ങി കൊണ്ടു തരും. പുസ്തകം വായിച്ച് തിരികെ കൊടുക്കുമ്പോൾ അതിൽ ഏതു ഭാഗമാണ് ആകർഷിച്ചതെന്നു ചോദിക്കും. അത് വായിച്ചു തന്നെയും പഠിപ്പിക്കാൻ പറയും. അദ്ദേഹത്തിൻറെ ചോദ്യങ്ങൾ മൂലമാണ് എനിക്ക് നിരവധി പുസ്തകങ്ങൾ വായിക്കാനും പഠിക്കാനും കഴിഞ്ഞത്. അത് എന്റെ ജീവിതം തന്നെ മാറ്റിമറിച്ചു.'

നല്ല അധ്യാപകർ നിങ്ങളുടെ ജീവിതം മാറ്റിമറിക്കും.

# പങ്കാളികൾ ആക്കൂ

രണ്ട് അധ്യാപകരെ സങ്കൽപിക്കുക. രവി എന്ന പ്രഥമ അധ്യാപകൻ കൃത്യസമയത്ത് ക്ലാസിൽ എത്തും. ഇന്ന് പഠിപ്പിക്കേണ്ട പാഠം തലേന്നേ അദ്ദേഹം തയാറാക്കി വച്ചിരിക്കും. സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന നാളുകൾക്കുള്ളിൽ പാഠങ്ങൾ തീർക്കും. ഓരോ പാഠം പഠിക്കുമ്പോഴും കുട്ടികളോട് നോട്ട് തയാറാക്കാൻ പറയും. ദിവസവും ഹോം വർക്ക് കൊടുത്ത് അത് വാങ്ങി തിരുത്തി നൽകും. സ്ഥിരമായി പരീക്ഷ നടത്തും. വളരെ കൃത്യമായി മാർക്ക് നൽകും. കുറഞ്ഞ മാർക്ക് വാങ്ങിയവരെ എന്തു കൊണ്ട് അധികം മാർക്ക് വാങ്ങിയില്ല എന്ന് ചോദിക്കില്ല. അധിക മാർക്ക് വാങ്ങിയവരെ പ്രശംസിക്കാറുമില്ല.




മോഹൻ എന്ന അധ്യാപകൻ ഇങ്ങനെയല്ല. അദ്ദേഹം നോട്ട് തയാറാക്കി വരില്ല. പഠിപ്പിക്കുമ്പോൾ നിരവധി കാര്യങ്ങൾ പറയും. കുട്ടികൾ പഠിക്കുന്ന ആ പാഠം ജീവിതത്തിൽ എവിടെയെല്ലാം പ്രയോജനപ്പെടും എന്ന സൂചന ആ ക്ലാസിൽ ഉണ്ടായിരിക്കും. ക്ലാസിൽ കുട്ടികൾ ഉല്ലാസത്തിലായിരിക്കും. ധാരാളം ചോദ്യങ്ങൾ ചോദിക്കും. ആലോചിച്ച് ഉത്തരം പറയാൻ പ്രോത്സാഹിപ്പിക്കും. ആത്മവിശ്വാസത്തോടെ സംസാരിക്കുന്ന കുട്ടികളെ പ്രശംസിക്കും. നിരുത്സാഹത്തോടെ ഇരിക്കുന്ന കുട്ടികളെ ഒറ്റയ്ക്ക് വിളിച്ചു കാര്യങ്ങൾ അന്വേഷിക്കും.

ആദ്യത്തെ അധ്യാപകൻ തന്റെ കടമ നന്നായി നിർവഹിക്കുന്നുണ്ട്. എന്നാൽ, ഒരു അധ്യാപകൻ കൃത്യമായി പഠിപ്പിക്കുന്നത് മാത്രമല്ല പ്രധാനം, വിദ്യാർത്ഥികളെ എങ്ങനെ പഠിപ്പിക്കുന്നു എന്നതും പ്രധാനം. വിദ്യാർത്ഥികൾ ഉത്സാഹത്തോടെ പഠിക്കാൻ വരണം, ക്ലാസ് ചർച്ചകളിൽ അവർ പങ്കെടുക്കണം, തങ്ങളുടെ കഴിവുകൾ വെളിപ്പെടുത്താൻ അവർക്ക് അവസരം നൽകണം. ഇതെല്ലാം ചെയ്യുന്ന രണ്ടാമത്തെ അധ്യാപകനാണ് വിശിഷ്ട അധ്യാപകൻ. ●

സ്വന്തം ചെലവിൽ സർക്കാർ സ്കൂളിൽ സ്മാർട്ട് ക്ലാസ് ഒരുക്കിയ അധ്യാപകൻ. സുഹൃത്തുക്കളുടെ സഹായത്തോടെ പ്രൈമറി ക്ലാസിൽ മേശയും കസേരയും വാങ്ങി നൽകിയ അധ്യാപകൻ. കുട്ടികൾക്ക് സ്കൂളിൽ വരാൻ ഓട്ടോ വാങ്ങി നൽകിയ അധ്യാപകൻ. കൊറോണ കാലത്ത് ഓൺലൈൻ പഠനത്തിന് എല്ലാവർക്കും മൊബൈൽ വാങ്ങി നൽകിയ ടീച്ചർ.ഇങ്ങനെനൂറുകണക്കിന്നല്ലഅധ്യാപകർ നമുക്ക് ചുറ്റുമുണ്ട്. പഠനം കഴിഞ്ഞും ജിവിതം മുഴുവൻ അവർ വിദ്യാർത്ഥികൾക്ക് വഴി കാട്ടും. അവർക്ക് പൊതുവായുള്ള ചില ഗുണങ്ങൾ...

● 'ഇക്കാലത്തെ കുട്ടികളേ ഇങ്ങനെയാണ്' എന്ന് അടച്ചാക്ഷേപിക്കില്ല. 'എന്റെ വിദ്യാർത്ഥികൾ എല്ലാവരും ബുദ്ധിശാലികൾ' എന്ന് മൊത്തത്തിൽ എല്ലാവരേയും പ്രശംസിക്കുകയുമില്ല. ഒരാൾ ചെയ്യുന്ന തെറ്റിനോ ഒരാൾ കാട്ടുന്ന മികവിനോ ആ വ്യക്തിയെ മാത്രം ഉത്തരവാദിയായി കാണും.

● വിദ്യാർത്ഥികളുടെ താൽപര്യവും അവർ ചോദ്യങ്ങൾ ചോദിക്കുന്നതിലുള്ള വേഗവുമാണ് പഠനത്തിന്റെ ആധാരം എന്നവർക്കറിയാം. പഠിപ്പിക്കുമ്പോൾ കുട്ടികളിൽ ഉത്സാഹം കാണുന്നില്ലെങ്കിലോ ചോദ്യങ്ങൾക്ക് അവർ ഉത്തരം നൽകുന്നില്ലെങ്കിലോ അവർ പഠനരീതി മാറ്റും.

● 'മനസ്സിലായോ' എന്ന് ചോദിച്ചാൽ എല്ലാ കുട്ടികളും തലയാട്ടും. അത് ഈ അധ്യാപകൻ വിശ്വസിക്കില്ല. ബുദ്ധിശാലി വിദ്യാർത്ഥി, ഒരളവിൽ പഠിക്കുന്ന വിദ്യാർത്ഥി, ശരാശരി വിദ്യാർത്ഥി, സുമാർ വിദ്യാർത്ഥി എന്നിങ്ങനെ നാലു തരത്തിലുള്ള വിദ്യാർത്ഥികളോട് ചോദ്യം ചോദിച്ച് ഉറപ്പു വരുത്തിയ ശേഷമേ അദ്ദേഹം അടുത്ത പാഠത്തിലേക്ക് കടക്കൂ.

● ഓരോ വിദ്യാർത്ഥിയുടെയും പഠനശേഷി വ്യത്യസ്തമാണെന്ന് അവർക്ക് അറിയാം. വിദ്യാർത്ഥികളുടെ മുന്നിൽ നിന്ന് പാഠം പഠിപ്പിക്കുന്നതിന് പകരം ഓരോരുത്തർക്കും യോജിച്ച വിധം പഠിപ്പിക്കും അവർ.

● അനാവശ്യമായി ദേഷ്യപ്പെടില്ല. ഉച്ചത്തിൽ ശകാരിക്കില്ല. എല്ലാ നേരത്തും മുഖത്ത് പുഞ്ചിരി ഉണ്ടാകും. എങ്കിലേ കുട്ടികൾ അടുക്കൂ എന്നവർക്കറിയാം. കുട്ടികൾ വേഗത്തിൽ പാഠം പഠിക്കുന്നതിനും അപ്പുറം അവരുടെ ചിന്തയ്ക്ക് പ്രാമുഖ്യം നൽകും.

● ക്ലാസിൽഉള്ളകുട്ടികളുടെപേര്വേഗത്തിൽ മനസ്സിലാക്കി ആ പേര് വിളിച്ചു സംസാരിക്കും. ഇരട്ടപ്പേര് വയ്ക്കുകയോ ശാരീരിക കുറവുകൾ ചൂണ്ടിക്കാട്ടി അപമാനിക്കുകയോ ചെയ്യില്ല.

● തങ്ങൾ പഠിച്ച കാലം പോലെ അല്ലാത്ത മറ്റൊരു കാലത്തിലാണ് ഇന്നത്തെ കുട്ടികൾ എന്ന് അവർക്ക് അറിയാം. 'ഞങ്ങളെല്ലാം അക്കാലത്ത്' എന്ന് പഴമ്പെരുമ പറയാതെ, കാലത്തിന് അനുസൃതമായവ പറഞ്ഞു തരും.

● എല്ലാം ഉടനേ തലകീഴായി മാറ്റില്ല. അത് വിദ്യാർത്ഥികളെ ആശങ്കപ്പെടുത്തും എന്ന് അവർക്ക് അറിയാം. സാവകാശം ഓരോന്നും കുട്ടികളെ പരിചയപ്പെടുത്തും.

● വിദ്യാർത്ഥികളെ പാഠം പഠിപ്പിക്കുന്നതല്ല, അവരുടെ പഠനത്തെ സഹായിക്കുന്നതാണ് തങ്ങളുടെ ജോലി എന്ന് അവർക്ക് നന്നായി അറിയാം. അതിന്റെ പൂർണ ഉത്തരവാദിത്തം എടുക്കും. ഓരോ വിദ്യാർത്ഥിക്കും തന്റെ മുഴുവൻ കഴിവും തിരിച്ചറിയാൻ അവർ സഹായിക്കും. ●



# ജീവിതം മുഴുവനും വഴികാട്ടണം

# സ്നേഹം നിറഞ്ഞ പഠനം



പഠനം എന്നത് ഒരു കുട്ടിക്ക് തന്റെ അറിവ് വളർത്താനും തനിക്ക് അറിയാത്തത് മനസ്സിലാക്കാനും സഹായിക്കുന്ന ഒരു കലയാണ്. മികച്ച അധ്യാപകർ അത് എങ്ങനെ പൂർത്തീകരിക്കും?

- തനിക്ക് മനസ്സിലാകാത്ത പാഠങ്ങളെ ആശങ്കയോടെയും ഭയത്തോടെയും സമീപിക്കുന്ന കുട്ടികളുടെ കൈപിടിച്ച് വഴികാട്ടി 'ഇത് ഭയപ്പെടേണ്ട വിഷയമല്ല' എന്ന് വ്യക്തത വരുത്തും.
- ഏത്പാഠംആരംഭിക്കുന്നതിനുമുമ്പുംഅവസാന ബെഞ്ചിലുള്ളവർക്കും മനസ്സിലാകുന്നതു പോലെ പഠിപ്പിക്കാൻ പരിശീലിക്കും.
- ഓരോ കുട്ടിക്കും എല്ലാ ദിവസവും 'ഞാനുണ്ട്' എന്ന ആത്മവിശ്വാസം നൽകും.
- തന്റെ വിദ്യാർത്ഥികൾ ഓരോരുത്തരുടെ ജീവിതത്തിലും എല്ലാ ദിവസവും താൻ മാറ്റങ്ങൾ ഉണ്ടാക്കുന്നു എന്നത് ഒരിക്കലും മറക്കില്ല.
- സ്വയം അറിയാതെ എന്തെങ്കിലും തെറ്റ് ക്ലാസ് മുറിയിൽ ചെയ്താലും അത് തിരുത്തി ശരിയായത് ചെയ്യും.
- തനിക്കു നന്നായി അറിയാവുന്ന പാഠം അതേ വിധത്തിൽ വിദ്യാർത്ഥികളും പഠിക്കണം എന്ന ലക്ഷ്യത്തോടെ പഠിപ്പിക്കും.
- കഴിഞ്ഞ ദിവസത്തേക്കാൾ ഓരോ ദിവസവും പഠിപ്പിക്കുന്നതിൽ മികവ് വർധിപ്പിക്കും. വിദ്യാർത്ഥികളുടെ പഠന നിലവാരവും അതേ പോലെ ഉയർത്തും.
- ധൈര്യശാലികൾ, നാണം കുണുങ്ങികൾ, വികൃതികൾ എന്നിങ്ങനെ വിദ്യാർത്ഥികളുടെ ഗുണങ്ങളും അറിഞ്ഞുകൊണ്ട് അവരെ സമമായി നടത്തും.
- നല്ല മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികളെ പ്രശംസിക്കുന്നത്പോലെതോൽവിയടയുന്നകുട്ടികളെയും സ്നേഹത്തോടെ ചേർത്തു പിടിക്കും.
- തെറ്റ് ചെയ്യുന്ന കുട്ടികളെ അനുകൂലമായ സാഹചര്യത്തിൽ വിളിച്ചു തെറ്റുകൾ ചൂണ്ടിക്കാട്ടി അത് തിരുത്താൻ സഹായിക്കും.
- എത്ര കഠിനമായ സാഹചര്യത്തിലും സമനില വിടാതെ പരുഷമായി സംസാരിക്കാതെ ശാന്തമായി കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകും.
- പഠിപ്പിക്കുമ്പോൾചിലകുട്ടികൾഅത്ശ്രദ്ധിക്കാതെ പോകാം. അവരുടെ ശ്രദ്ധ വിദ്യാഭ്യാസത്തിലേക്ക് തിരിക്കാൻ കരുതലോടെ പരിശീലിക്കും.
- കുട്ടികളുടെ പ്രവർത്തികളിൽ ഏതെല്ലാം കരുതലോടെ ശ്രദ്ധിക്കണം ഏതെല്ലാം അവഗണിക്കണം എന്ന് മനസ്സിലാക്കിയിരിക്കും.
- എല്ലാ കുട്ടികളും മടി കൂടാതെ തങ്ങളെ സമീപിക്കാൻഅവസരംനൽകും.ഭയമില്ലാതെചോദ്യങ്ങൾ ചോദിക്കാനുള്ള അധികാരവും നൽകും.
- പഠിപ്പിക്കുന്നതിൽ വഴികാട്ടി പോലെയും നയിക്കുന്നതിൽ ഒരു അച്ഛനെപ്പോലെയും നിയന്ത്രിക്കുന്നതിൽ അമ്മയെപ്പോലെയും ആയി പൂജനീയരായ ദൈവമായി മാറും.

# റോൾ മോഡൽ അധ്യാപകൻ

വിദ്യാർത്ഥികളുടെ ആദ്യ റോൾ മോഡൽ അധ്യാപകരാണ്. 'അധ്യാപകൻ എന്ന ജനാലയിലൂടെയാണ് കുട്ടികൾ തങ്ങളുടെ ഭാവി ദർശിക്കുന്നത്' എന്നൊരു ചൊല്ലുണ്ട്. അങ്ങനെയുള്ള ഒരു റോൾ മോഡലായ അധ്യാപകനെ പറ്റിയാണ് ഇക്കഥ.

ഒരു വിദ്യാർത്ഥി പത്താം ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി. സ്കൂളിൽ എല്ലാ അധ്യാപകരും അവരെ പ്രശംസിച്ചു. ഹെഡ്മാസ്റ്റർ അവനെ പ്രത്യേകം വിളിച്ചു വരുത്തി ആദരിച്ചു. 'ഇനി എന്ത് ചെയ്യാൻ പോകുന്നു?' അദ്ദേഹം ചോദിച്ചു. 'പോളിടെക്നിക് കോഴ്സുകളിലോ ഈ സ്കൂളിൽ തന്നെ പ്ലസ് ടുവിനോ ചേരാൻ എനിക്ക് കഴിവില്ല. ഫീസ് നൽകി പുസ്തകം വാങ്ങി സ്കൂളിൽ അയക്കാനുള്ള ശേഷി എന്റെ കുടുംബത്തിനില്ല,'അവൻപറഞ്ഞു.ഫീസ്ഇല്ലാതെ അവനെ ചേർക്കാനുള്ള തന്റെ നിസ്സഹായത അദ്ദേഹം പറഞ്ഞു. അവന്റെ അനുജത്തിക്കും പഠനം തുടരാൻ കഴിഞ്ഞില്ല.

നിരാശനായി വീട്ടിലേക്ക് തിരിച്ച അവൻ പഞ്ചർ ഒട്ടിക്കുന്ന ഒരു കടയിൽ ജോലിക്ക് ചേർന്നു. മരിച്ചു പോയ അവന്റെ അച്ഛനും അതേ തൊഴിലിൽ ആയിരുന്നു. നാല് വീടുകളിൽ ജോലി ചെയ്ത് കുടുംബം പുലർത്തുന്ന അമ്മയ്ക്ക് സഹായമാകട്ടെ എന്ന് കരുതിയാണ് അവൻ ഈ ജോലിക്ക് ചേർന്നത്. എന്നാൽ പഠിക്കണം എന്ന ആഗ്രഹം അവനെ മഥിച്ചു കൊണ്ടിരുന്നു. സഹപാഠികൾ അവന്റെ അവസ്ഥ കണ്ട് ഏറെ വിഷമിച്ചു.

മൂന്നു ദിവസം കഴിഞ്ഞ് അവനെ ഹെഡ്മാസ്റ്റർ വിളിക്കുന്നതായി ഒരു സഹപാഠി വന്നു പറഞ്ഞു. തുടർന്ന് പഠിക്കാത്തതിനാൽ ടി സി തരാനായിരിക്കും എന്ന് കരുതി അവൻ അമ്മയെയും കൂട്ടിയാണ് സ്കൂളിൽ പോയത്. അദ്ദേഹം അമ്മയെ വിളിച്ചു പറഞ്ഞു, 'നന്നായി പഠിക്കുന്ന കുട്ടിയെ പഠിക്കാൻ വിടൂ. ബുദ്ധിമുട്ട് ഉണ്ടെങ്കിലും പഠനം വേണ്ടെന്നു വയ്ക്കരുത്. അവൻ വളർന്നു വലിയ ആളായി നിങ്ങളെ നന്നായി നോക്കും.'

'ഞാൻ സമ്പാദിക്കുന്നത് വീട്ടു വാടകയ്ക്കും ഇവന്റെയും അനുജത്തിയുടെയും ആഹാരത്തിനും മാത്രമേ തികയൂ. ഞാൻ എങ്ങനെ അവനെ പഠിക്കാൻ അയക്കും?' അമ്മ ചോദിച്ചു. 'സാരമില്ല, സർക്കാർ ഫീസ് വളരെ കുറവാണ്. ഇവനും അനുജത്തിക്കും ഫീസ് കെട്ടിയിട്ടുണ്ട്. ഈ വർഷം വേണ്ട പുസ്തകങ്ങളും നോട്ട് ബുക്കുകളും വാങ്ങിയിട്ടുണ്ട്. ഇടയ്ക്ക് എന്തെങ്കിലും ആവശ്യം വന്നാൽ അതും നോക്കാം. രണ്ടു പേരും വന്ന് പഠിച്ചാൽ മാത്രം മതി,' അദ്ദേഹം പറഞ്ഞു.

'ആരാണ് സർ ഫീസ് കെട്ടിയത്?' അവൻ ആശ്ചര്യത്തോടെ ചോദിച്ചു. 'ഇല്ല, അത് വെളിപ്പെടുത്തരുതെന്നാണ് ആ ആൾ പറഞ്ഞിരിക്കുന്നത്. അവർക്ക് അത് ഇഷ്ടമല്ല.' അമ്മ അദ്ദേഹത്തിന് കൈകൂപ്പി നന്ദി പറഞ്ഞു.

അടുത്ത രണ്ടു വർഷത്തിൽ അവന് ഒരു പെൻസിൽ ആവശ്യമായി വന്നാലും അത് ഓഫീസിൽ നിന്ന് ലഭിക്കും. അത് അവനെ ആശ്ചര്യപ്പെടുത്തി. ഈ ചോദ്യത്തിന് ഉത്തരം അറിയില്ലെങ്കിലും പാഠത്തിലുള്ള എല്ലാ ചോദ്യങ്ങൾക്കും അവന് ഉത്തരം അറിയാം. വാശിയോടെ പഠിച്ചു. സ്കൂൾ പരീക്ഷകൾക്ക് മുമ്പു തന്നെ അവനെ ചില എൻട്രൻസ് പരീക്ഷകൾ എഴുതിപ്പിച്ചു. അതിനു വേണ്ടി അരികിലുള്ള നഗരത്തിൽ അൽപ കാലം പരിശീലനത്തിനും പോയി. എല്ലാത്തിനും ആ 'ആരോ' ഒരാൾ ചെലവ് വഹിച്ചു.

ഇന്ത്യയിലെ പ്രശസ്തമായ കോളേജിൽ അവന് എഞ്ചിനീയറിംഗ് പഠിക്കാൻ അവസരം കിട്ടി. സന്തോഷത്തോടെ ഹെഡ്മാസ്റ്ററെ കാണാൻ ചെന്ന അവൻ ചോദിച്ചു, 'ഇനിയെങ്കിലും എന്നോട് പറയണം. ആരാണ് എന്നെ പഠിക്കാൻ സഹായിച്ചതെന്ന്. ആ വ്യക്തിക്ക് നന്ദി പറയാതെ എനിക്ക് ഉറങ്ങാൻ കഴിയില്ല,' അവൻ പറഞ്ഞു.



ഹെഡ്മാസ്റ്റർ അത് വെളിപ്പെടുത്തി. അവന്റെ ഇംഗ്ലീഷ് അധ്യാപകൻ ഗോപാലൻ സാർ ആണ് തന്റെ ശമ്പളത്തിൽ നിന്ന് ഇത്രയും കാലവും അവനും അവന്റെ അനുജത്തിക്കും വേണ്ടിയുള്ള ചെലവ് വഹിച്ചു കൊണ്ടിരുന്നത്. ഉടനെ അവൻ അദേഹത്തെ കാണാൻ പോയി. അധ്യാപകരുടെ മുറിയിൽ ഒറ്റയ്ക്കിരുന്ന അദ്ദേഹത്തിന്റെ കാലുകളിൽ തൊട്ട് വന്ദിച്ച് കണ്ണീർ പൊഴിച്ചു. 'എന്തിനാണ് എനിക്ക് വേണ്ടി ഇത്രയും ബുദ്ധിമുട്ടിയത്?' എന്ന് ചോദിച്ചു. 'പ്ലസ് വൺ ക്ലാസ് തുടങ്ങിയപ്പോൾ നിന്നെ കാണാത്തതെന്തേ എന്ന് ഞാൻ അന്വേഷിച്ചു. നീ പഠനം നിർത്തിയതായി അറിഞ്ഞു. നന്നായി പഠിക്കുന്ന നിന്റെ ഭാവി കളയരുത് എന്ന് കരുതിയാണ് കരുതൽ കാട്ടിയത്. ഇനി നീ സ്വയം മുന്നോട്ടു പോകും. ഇനി നിനക്ക് സ്കോളർഷിപ്പ് കിട്ടും. മറ്റു ചെലവുകൾ കാര്യമായി ഉണ്ടാകില്ല. അത് ഞാൻ നോക്കാം. നീ പഠനത്തിൽ മാത്രം ശ്രദ്ധ ചെലുത്തിയാൽ മതി,' അദ്ദേഹം പറഞ്ഞു.

വർഷങ്ങൾ കഴിഞ്ഞു. പഠനം കഴിഞ്ഞയുടൻ അവന് ജർമ്മനിയിൽ ജോലി കിട്ടി. വർഷം ലക്ഷങ്ങൾ ശമ്പളം. അത് അമ്മയോട് പറയുന്നതിനു മുമ്പ് തന്റെ അധ്യപകനോട് വന്നു പറഞ്ഞു. 'ഞാൻ സമ്പാദിക്കാൻ ആരംഭിച്ചതും താങ്കൾക്ക് വലുതായി എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹിക്കുന്നുണ്ട്. ദയവു ചെയ്ത് മറുക്കരുത്' അവൻ പറഞ്ഞു. ഗോപാൽ സാർ ചിരിച്ചു, 'പ്രതിഫലം പ്രതീക്ഷിച്ചല്ല ഞാൻ ഇത് ചെയ്തത്. നീ സമ്പാദിച്ച് നിന്റെ അമ്മയെ നന്നായി നോക്കുക. അവരെ ഇനി ജോലിക്ക് വിടരുത്. നിന്റെ അനുജത്തിയെ നന്നായി പഠിപ്പിക്കണം. ഇരുവർക്കും നല്ല ജീവിതം കൊടുക്കുക. നിന്റെ ജോലിക്ക് ചേർന്ന സൗകര്യങ്ങൾ നീയും ഉണ്ടാക്കണം. ഇതെല്ലാം കഴിയുമ്പോൾ നിന്റെ കൈവശം പണം മിച്ചം വരും. അപ്പോൾ നിന്നെപ്പോലെ പണമില്ലാതെ പഠിക്കാൻ ബുദ്ധിമുട്ടുന്ന മിടുക്കരായ കുട്ടികളെ സഹായിക്കണം. ഞാൻ ചെയ്ത സഹായം നീ ഇങ്ങനെ തിരിച്ചു നൽകിയാൽ ഞാൻ സന്തോഷിക്കും,' എന്ന് പറഞ്ഞ് അദ്ദേഹം അവനെ ആശ്ലേഷിച്ചു. മുപ്പതു വർഷങ്ങൾക്കു ശേഷവും ഗോപാൽ സാറിന്റെ പേരിൽ ആ വിദ്യാർത്ഥി അത് ചെയ്തു കൊണ്ടിരിക്കുന്നു.

നമ്മുടെ സ്കൂൾ നാളുകൾ പല വർഷങ്ങൾക്കു ശേഷം ഓർത്തു നോക്കിയാൽ, ചില വിദ്യാർത്ഥികളുടേതൊഴികെ മറ്റു പേരുകൾ ഓർമ്മയിൽ ഉണ്ടാകില്ല. പക്ഷേ ഓരോ വർഷവും തന്റെ ശിഷ്യർ എന്ന് നൂറു കണക്കിന് വിദ്യാർത്ഥികളുടെ പേര് ജീവിതകാലം മുഴുവനും ഓർത്തു വച്ചിരിക്കും അധ്യാപകർ.

എല്ലാ അധ്യാപകരെയും വിദ്യാർത്ഥികൾ ആയുഷ്കാലം മുഴുവനും ഓർത്തുവയ്ക്കാറില്ല. തന്റെ ക്ലാസിലെ വിദ്യാർത്ഥി എങ്ങനെ പഠിക്കുന്നു എന്നതിനും അപ്പുറം അവൻ എവിടെ നിന്ന് വരുന്നു, ഏതെല്ലാം പ്രതിസന്ധികൾ നേരിട്ടാണ് അവൻ വരുന്നത്എന്നതെല്ലാം ചിലഅധ്യാപകർ ശ്രദ്ധിക്കും. അവർ തങ്ങളുടെ വിദ്യാർത്ഥികളെ തങ്ങളേക്കാൾ വലിയ ഉയരത്തിൽ എത്താൻ പ്രേരിപ്പിക്കും. അതിനാലാണ് അവരെ വിദ്യാർത്ഥികൾ വർഷങ്ങൾ കഴിഞ്ഞും സ്നേഹിക്കുന്നത്.







# ആത്മവിശ്വാസം വിതയ്ക്കുന്ന അധ്യാപകർ



'ഈ വരി നിങ്ങൾക്ക് വായിക്കാൻ കഴിയുന്നുവെങ്കിൽ അതിന് നിങ്ങളുടെ അധ്യാപകന് നന്ദി പറയണം' എന്ന് ഒരു അമേരിക്കൻ പഴമൊഴിയുണ്ട്. 'ഇത് മാത്രമാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടത്' എന്ന് നിങ്ങളുടെ കാഴ്ചയെ പരിമിതപ്പെടുത്താതെ, ലോകം കാണാൻ പഠിപ്പിക്കുന്ന വരാണ്മികച്ചഅധ്യാപകർ.അതേപോലെനിങ്ങളിലേക്ക് ആഴ്ന്നിറങ്ങി നോക്കി, നിങ്ങളെ മനസ്സിലാക്കാനും വഴികാട്ടിയാകും. നമ്മുടെ കഴിവിൽ നമുക്ക് തന്നെ ആത്മവിശ്വാസം ഇല്ലാത്ത സന്ദർഭങ്ങളിലും അവർ പൂർണമായ വിശ്വാസം അർപ്പിക്കും.

ഇതിന് ഉദാഹരണമാണ് ലെസ് ബ്രൗണിന്റെ ജീവിതത്തിൽ നടന്ന സംഭവം. ലോകമെങ്ങും പേരുകേട്ട, മോട്ടിവേഷണൽ സ്പീക്കർ ആണ് ലെസ് ബ്രൗൺ. അദ്ദേഹത്തിന്റെ പ്രഭാഷണം കേട്ട് പലരുടെയും ജീവിതം മാറിയിട്ടുണ്ട്. ഇന്ന് ലക്ഷങ്ങൾ സമ്പാദിക്കുന്ന തിരക്കേറിയ പ്രഭാഷകനാണ് അദ്ദേഹം.

എന്നാൽ അദ്ദേഹത്തിന്റെ ചെറുപ്പകാലം ദുരിതപൂർണമായിരുന്നു. അമേരിക്കയിൽ ഒരു ദരിദ്ര കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. സ്വന്തമായി വീടു പോലും ഇല്ലാതിരുന്ന അദ്ദേഹത്തിന്റെ കുടുംബം, ജീർണിച്ച ഒരു പഴയ കെട്ടിടത്തിലായിരുന്നു കഴിഞ്ഞത്. സ്കൂളിലും അദ്ദേഹത്തിന് നന്നായി പഠിക്കാൻ കഴിഞ്ഞില്ല. 'പഠന വൈകല്യമുള്ള കുട്ടി' എന്ന് അവനെ മുദ്രകുത്തി. അവന്റെ ഇരട്ട സഹോദരൻ ആകട്ടെ സ്കൂളിൽ നല്ല മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിയും.

അവനെ ചൂണ്ടിക്കാട്ടി 'അവൻ എത്ര നന്നായി പഠിക്കുന്നു, നീയോ' എന്ന് സഹ വിദ്യാർത്ഥികളും അധ്യാപകരും അവനെ പരിഹസിക്കും. സ്കൂളിൽ നന്നായി പഠിക്കാത്ത കുട്ടികളെ തോൽപിക്കും. ലെസ് ബ്രൗണിന്റെ കാര്യത്തിൽ അതിലും മോശമായിരുന്നു കാര്യങ്ങൾ. ആറാം ക്ലാസിൽ എത്തിയ അവനെ ആ ക്ലാസിൽ പഠിക്കാനുള്ള ബുദ്ധി ഇല്ലെന്നു പറഞ്ഞ് അഞ്ചിലേക്ക് തരം താഴ്ത്തി.

പക്ഷേ, ഒരു ദിവസം ലെസ്ബ്രൗണിന്റെ ജീവിതത്തിൽ വലിയ ഒരു മാറ്റം ഉണ്ടായി. തന്റെ ക്ലാസ് കഴിഞ്ഞ് സഹോദരനെ കൂട്ടിക്കൊണ്ടു പോകാനായി അവന്റെ ക്ലാസിലേക്ക് പോയി. അവിടെ ഗണിത ക്ലാസ് നടക്കുകയായിരുന്നു. ബ്ലാക്ക് ബോർഡിൽ ഒരു കണക്കിട്ട് ഇതിന്റെ ഉത്തരം ആർക്കെഴുതാനാകും എന്ന് അധ്യാപകൻ കുട്ടികളോട് ചോദിച്ചു. ഉത്തരം പറയാൻ കുട്ടികൾ ആരും മുന്നോട്ടു വന്നില്ല. വാതിൽക്കൽ നിന്നിരുന്ന ലെസ് ബ്രൗണിനോട് 'നീ വന്ന് ഈ കണക്കിനു ഉത്തരം എഴുതൂ' എന്ന് പറഞ്ഞു. 'എനിക്ക് പറ്റില്ല ഞാൻ പഠന വൈകല്യമുള്ള കുട്ടിയാണ്' എന്ന് ലെസ് ബ്രൗൺ പറഞ്ഞത് കേട്ട് കുട്ടികൾ ആർത്തു ചിരിച്ചു. എന്നാൽ അധ്യാപകൻ ചിരിച്ചില്ല. ലെസ് ബ്രൗണിനെ ആശ്ലേഷിച്ച് അദ്ദേഹം പറഞ്ഞു, 'ഇനി ഇങ്ങനെ പറയരുത്. നിന്നെപ്പറ്റിയുള്ള മറ്റുള്ളവരുടെഅഭിപ്രായംഎപ്പോഴുംശരിയാകണമെന്നില്ല. നീ നിന്നെപറ്റി എന്ത് വിചാരിക്കുന്നു എന്നതാണ് പ്രധാനം.'

ആ ദിവസം അവന്റെ ജീവിതമേ മാറി മറിഞ്ഞു. ആ അധ്യാപകൻ പറഞ്ഞത് അവൻ മറന്നതേയില്ല. എല്ലാ തടസ്സങ്ങളും പ്രശ്നങ്ങളും താണ്ടി അദ്ദേഹം മുന്നോട്ടു പോയി. തന്റെ ജീവിതം ഉദാഹരണമായി കാട്ടി എല്ലാവരോടും പ്രസംഗിച്ച അദ്ദേഹം എല്ലാവർക്കും ആത്മവിശ്വാസം നൽകുന്ന വലിയ പ്രഭാഷകനായി മാറി. 'നിങ്ങളുടെയുള്ളിൽ ഒരു വലിയ മികവ് ഒളിച്ചിരിക്കുന്നു. അത് നിങ്ങൾ കണ്ടുപിടിക്കണം,' അദ്ദേഹം എപ്പോഴും പറയുന്ന വാചകമാണിത്.

സ്നേഹവും കരുതലുമുള്ള മികച്ച അധ്യാപകർ ഇങ്ങനെയാണ് പല വിദ്യാർത്ഥികളുടെയും ജീവിതം മാറ്റുന്നത്. ഒരു നല്ല അധ്യാപകന്റെ പക്കൽ ചില പ്രത്യേക ഗുണങ്ങൾ ഉണ്ടാകും എന്ന് ഗവേഷണങ്ങൾ പറയുന്നു:

- 'അധ്യാപകന് തന്നെ വിശ്വാസമില്ല, മാതാപിതാക്കൾക്കും വിശ്വാസമില്ല, ചുറ്റുമുള്ള ആരും എന്നെ വിശ്വസിക്കുന്നില്ല' എന്ന് വിഷമിക്കുന്ന നിരവധി വിദ്യാർത്ഥികൾ ഉണ്ട്. നല്ല അധ്യാപകർ അവർക്ക് ആത്മവിശ്വാസം നൽകും. അതിനായുള്ള നല്ല പാത വിശിഷ്ട അധ്യാപകർ സൃഷ്ടിച്ചു നൽകും.

- ഒരു മികച്ച അധ്യാപകൻ തന്റെ ക്ലാസ് മുറി മേന്മയോടെ മുന്നോട്ടു കൊണ്ടുപോകും. കുട്ടികളുടെ ഭാവന വികസിക്കുന്ന വിധമാകും പഠിപ്പിക്കൽ. വ്യക്തമായി എല്ലാവർക്കും മനസ്സിലാകും വിധം പഠിപ്പിക്കുകയും വേണ്ട ഉദാഹരണങ്ങൾ സഹിതം മനസ്സിൽ പാഠം ആഴത്തിൽ പതിപ്പിക്കുകയും ചെയ്യും.

- മികച്ചഅധ്യാപകർവേണ്ടതയാറെടുപ്പുമായിട്ടായിരിക്കും ക്ലാസ് റൂമിൽ എത്തുക. ഇന്ന് പഠിപ്പിക്കുന്ന പാഠം ഒരു ശരാശരി വിദ്യാർത്ഥിക്കു പോലും മനസ്സിലാകുന്ന വിധം പഠിപ്പിക്കാൻ എന്ത് ചെയ്യണം,ഏതു തരം ചോദ്യങ്ങൾ ചോദിച്ചാൽ കുട്ടികൾക്ക് നന്നായി മനസ്സിലാകും, ബ്ലാക്ക് ബോർഡിൽ എന്ത് എഴുതണം എന്നതെല്ലാം അവരുടെ മനസ്സിൽ ഉണ്ടായിരിക്കും.

- ഒരു മികച്ച അധ്യാപകൻ സഹ അധ്യാപകരെ നിരീക്ഷിച്ച് തന്റെ മികവ് വർധിപ്പിക്കും. സ്വയം ധാരാളം ചോദ്യങ്ങൾ ചോദിക്കും. 'ഞാൻ എന്തിന് ഇങ്ങനെ ചെയ്യുന്നു? ഇതു മൂലം എന്ത് ഗുണം ഉണ്ടാകും? തന്റെ വിദ്യാർത്ഥികളുടെ ആവശ്യങ്ങളെ തൃപ്തികരമായി നിറവേറ്റാൻ ഇനിയും എന്ത് ചെയ്യണം? പഠനത്തിൽ അവരുടെ ശ്രദ്ധ മികവുറ്റതാക്കാൻ ഇനിയും എന്ത് ചെയ്യണം?' എന്നെല്ലാംചോദ്യങ്ങൾചോദിച്ച്താൻപഠിപ്പിക്കുന്ന രീതി ആ അധ്യാപകൻ മെച്ചപ്പെടുത്തും.

- ഒരു മികച്ച അധ്യാപകന്റെ പഠിപ്പിക്കൽ രീതി വൈകാരികാനുഭവമായിരിക്കും. വിദ്യാർത്ഥികളുമായി ചർച്ച ചെയ്ത്, സംസാരിച്ച് ചിരിച്ച്, കഠിനമായ പാഠത്തിലും ലളിതമായ ജീവിത ഉദാഹരണങ്ങൾ കലർത്തി വിശദമാക്കി, ആവശ്യമായ ഇടങ്ങളിൽ പ്രായോഗികമായ വിഷയങ്ങൾ ചെയ്തു കാണിച്ചും പഠനം മെച്ചപ്പെടുത്തും. അദ്ദേഹത്തിന്റെ സാന്നിധ്യവും സാമീപ്യവും വിദ്യാർത്ഥികൾ ആവേശത്തോടെ പ്രതീക്ഷിച്ചിരിക്കും. ●

## നിങ്ങൾ എന്താണ് സൃഷ്ടിക്കുന്നത്?



ഒരേ സ്കൂളിൽ ഒരേ ക്ലാസിൽ പഠിച്ച സുഹൃത്തുക്കൾ 20 വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടി. അവരിൽ ചിലർ വ്യവസായ പ്രമുഖരായി. ചിലർ പ്രമുഖരായ ഉദ്യോഗസ്ഥരായി. അതിൽ ഒരാൾ മാത്രം അധ്യാപകനായി അതേ സ്കൂളിൽ ജോലി നോക്കുന്നു. സ്വന്തം നാട്ടിൽ ഒരു വളർച്ചയുമില്ലാതെ അദ്ദേഹം കഴിയുകയാണെന്ന് എല്ലാവർക്കും തോന്നി.

അവരിൽ ഒരാൾ അയാളെ കളിയാക്കി. 'നമ്മുടെ സുഹൃത്തുക്കളെ നോക്കൂ. ഞാൻ ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്ന കമ്പനി നടത്തുന്നു. അദ്ദേഹം കമ്പ്യൂട്ടർ നിർമ്മിക്കുന്നു. ഇദ്ദേഹം തയ്യൽ മെഷിൻ നിർമ്മിക്കുന്നു. മറ്റൊരാൾ കാറുകൾക്കുള്ള സ്പെയർ പാർട്സ് നിർമ്മിക്കുന്നു. നീ എന്താണ് ചെയ്യുന്നത് ?' എല്ലാവരും അധ്യാപകനെ നോക്കി ചിരിച്ചു.

'ഞാൻ എന്ത് ചെയ്യുന്നു എന്നറിയണമോ? ഞാൻ കുട്ടികളെ ചോദ്യം ചോദിക്കാൻ പഠിപ്പിക്കുന്നു. എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു. ഗണിതം, ശാസ്ത്രം തുടങ്ങി നിരവധി വിഷയങ്ങൾ പഠിപ്പിക്കുന്നു. അവരുടെ മികവ് അവരെ മനസ്സിലാക്കി കൊടുക്കുന്നു. കഠിനമായി അധ്വാനിക്കാൻ പഠിപ്പിക്കുന്നു. ശരിയായി ചെയ്താൽ അഭിമാനം തോന്നാനും തെറ്റായി ചെയ്താൽ ക്ഷമ ചോദിക്കാനും അവരെ പഠിപ്പിക്കുന്നു. ഇതേ സ്കൂളിൽ നിന്ന് പോയല്ലേ നിങ്ങൾ വിവിധ മേഖലകളിൽ പേരെടുത്തത്? നിങ്ങളേക്കാൾ മിടുക്കന്മാരായി അടുത്ത തലമുറ വരും. നിങ്ങൾ എന്തൊക്കെയോ സൃഷ്ടിച്ചു, ഞാൻ മാറ്റം തന്നെ സൃഷ്ടിച്ചു,' ആ അധ്യാപകൻ പറഞ്ഞു.

അതു കേട്ടതും അവരെല്ലാം അദ്ദേഹത്തിന് ചുറ്റും കൂടി മാപ്പ് പറഞ്ഞു.

---

## വ്യത്യാസങ്ങൾ മനസ്സിലാക്കണം



വിദ്യാഭ്യാസത്തിൽ എല്ലാവരെയും ചേർത്തു നിർത്തുന്ന വ്യക്തിയാണ് അധ്യാപകൻ. ഒരു ക്ലാസിൽ മുപ്പതു മുതൽ നാൽപതു വരെ കുട്ടികൾ ഉണ്ടാകും. അവർ ഓരോരുത്തരും വ്യത്യസ്തമായ സ്വഭാവം ഉള്ളവരാണ്. ഓരോരുത്തരുടെയും പ്രത്യേകതയും മികവും അറിഞ്ഞു കൊണ്ട് അവരോടു മാറി മാറി ഇടപഴകാനുള്ള ശേഷി അധ്യാപകന് വേണം. ഓരോ വിദ്യാർത്ഥിയും വ്യത്യസ്തമായ രീതിയിലാണ് പാഠങ്ങൾ പഠിക്കുന്നത്. പിൻ ബെഞ്ചിൽ ഉള്ളവർക്കു പോലും മനസ്സിലാകുന്ന വിധത്തിൽ പാഠം പഠിപ്പിക്കണം. അതിലാണ് അധ്യാപകന്റെ മികവ് വെളിപ്പെടുക.

സ്കൂളിൽ ചില കുട്ടികൾ നല്ല ഉത്സാഹത്തോടെ വരും. ചിലർ വേറെ വഴിയില്ലാതെ മാതാപിതാക്കളെ പേടിച്ചു വരും. തനിക്ക് നല്ല മാർക്ക് ഒന്നും കിട്ടില്ല എന്നാ തോന്നലുമായിട്ടായിരിക്കും ചിലർ വരിക. അവരെല്ലാം ഒരേ ക്ലാസ് മുറിയിലാണ് പഠിക്കാൻ വരുന്നത്. ഇവർക്കെല്ലാം ആഹ്ലാദകരമായ ഒരു ക്ലാസ് മുറി അനുഭവം കൊടുത്താൽ, എല്ലാവരെയും പ്രചോദിപ്പിക്കാൻ കഴിഞ്ഞാൽ അവരാണ് വിശിഷ്ട അധ്യാപകർ.

## കൈ കൊടുക്കണം



വീഴുന്നതും തോൽക്കുന്നതും തമ്മിലുള്ള വ്യത്യാസം വിദ്യാർത്ഥികളെ ബോധ്യപ്പെടുത്താൻ അധ്യാപകർക്കേ കഴിയൂ. പരാജയപ്പെടുന്നവർ പൂർവസ്ഥിതി പ്രാപിക്കുന്നത് കഠിനം. പക്ഷേ വീണവർക്ക് ഉടനേ എഴുന്നേൽക്കാൻ കഴിയും. അതിനാലാണ് മികച്ച അധ്യാപകർ ആരും വിദ്യാർത്ഥികളെ തോറ്റവരായി കണക്കാക്കാത്തത്. പരീക്ഷയിൽ മാർക്ക് കുറയുന്നതോ തിരഞ്ഞെടുക്കപ്പെടാത്തതോ അവർ വെറും 'തിരിച്ചടി' എന്ന് പറയും. അതിൽ നിന്ന് ആ വിദ്യാർത്ഥിക്ക് വീണ്ടെടുക്കാൻ കഴിയും എന്ന് വിശ്വസിക്കും. ഓട്ടപ്പന്തയ താരം മൈതാനത്തിൽ കാലിടറി വീണാൽ, ആരെങ്കിലും കൈ കൊടുത്ത് ആ വ്യക്തിയെ എഴുന്നേൽപിച്ച് വീണ്ടും ഓടിപ്പിക്കാൻ കഴിയും. മികച്ച അധ്യാപകർ ഈ ജോലിയാണ് ചെയ്യുന്നത്. മനസ്സിലാകാത്ത പാഠങ്ങൾ നന്നായി പഠിപ്പിച്ച് അറിവിന്റെ പാത അവരെ ബോധ്യപ്പെടുത്തി, ആശങ്കകൾക്ക് വ്യക്തത വരുത്തി, അവരെ വിജയത്തിലേക്കുള്ള വഴി കാട്ടും.

## അന്വേഷിച്ച് കണ്ടെത്തണം

ഫോട്ടോഗ്രഫിയിൽ ഒരു അടിസ്ഥാന തത്വമുണ്ട്. നിങ്ങൾ പുതുതായി ഒരിടത്ത് ചെന്ന ഉടനെ പടം എടുക്കാൻ തുടങ്ങിയാൽ ആ സ്ഥലം നിങ്ങൾ രസിച്ചു കാണില്ല. അവിടെയുള്ള മനോഹരമായ കാഴ്ചകൾ, അപൂർവ വസ്തുക്കൾ, അതിശയകരമായ കാര്യങ്ങൾ തുടങ്ങി ഒന്നും നിങ്ങളുടെ കണ്ണിൽ പെടില്ല. നിങ്ങൾ ലെൻസിലൂടെ കാണുന്ന കാഴ്ചകൾ കണ്ടു മടങ്ങി വരും. നിങ്ങളുടെ കണ്ണ് കൊണ്ട് ഒരു അതിശയവും കാണില്ല. ആദ്യം എല്ലായിടങ്ങളും ചുറ്റിക്കാണണം എന്നാണ് ഫോട്ടോഗ്രഫിയിലെ അടിസ്ഥാന തത്വം. എന്താണ് മനോഹരവും വ്യത്യസ്തവും എന്നറിഞ്ഞു വേണം അതിന്റെ ചിത്രങ്ങൾ എടുക്കാൻ.

വിദ്യാഭ്യാസവും ഇങ്ങനെ തന്നെ. ഇതാണ് നിനക്ക് നല്ലത് എന്ന് മാതാപിതാക്കളോ അധ്യാപകരോ ഉറപ്പിച്ച് ഉപദേശിക്കരുത്. അത് അവരുടെ ഭാവി ജീവിതമാണ്. എല്ലാം അവർ കണ്ട് മനസ്സിലാക്കട്ടെ. അവർക്ക് എന്താണ് ഇഷ്ടം എന്ന് അറിയട്ടെ. അവരുടെ മികവ് അധ്യാപകർ തിരിച്ചറിയട്ടെ. അതനുസരിച്ച് നല്ല അധ്യാപകർ അവർക്കു വേണ്ട പാതയിലേക്ക് നയിക്കട്ടെ.

## വഴികാട്ടുന്ന പ്രകാശം



വിദ്യാർത്ഥികൾ വീട്ടിൽ കഴിയുന്നതിലും കൂടുതൽ നേരം ചെലവഴിക്കുന്നത് സ്കൂളിലാണ്. അതിനാൽ ഓരോ വിദ്യാർത്ഥിയുടെയും മികവ് എന്താണെന്ന് മാതാപിതാക്കളേക്കാൾ അധ്യാപകർക്ക് അറിയാം. ഒരു മികച്ച അധ്യാപകൻ തന്റെ വിദ്യാർത്ഥിയുടെ മിടുക്ക് കുറച്ചു കാണില്ല. 'ഓരോ കുട്ടിക്കും ഒരു സവിശേഷ സിദ്ധി ഉണ്ട്' എന്നവർ ചിന്തിക്കും.

ജീവിതത്തിൽ ഓരോരുത്തരും നേടുന്ന വിജയങ്ങൾക്ക് പിന്നിൽ അധ്യാപകർ എതെങ്കിലും ഒരു വിധത്തിൽ സ്വാധീനം ചെലുത്തിയിരിക്കും. കഠിന സാഹചര്യങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള ശേഷിയും അധ്യാപകരാണ് നൽകുന്നത്. വഴി അറിയാതെ ഇരുളിൽ ഉഴലുമ്പോൾ പ്രകശം ചൊരിയുന്ന വിളക്കായി അവർ മുന്നിൽ വരും. നിരവധി പാതകളിൽ ഏതു തെരഞ്ഞെടുക്കണമെന്ന് അറിയാതെ കുഴങ്ങുമ്പോൾ അധ്യാപകർ വഴി കാട്ടും. ഒരു വിദ്യാർത്ഥിയുടെ വിജയം തങ്ങളുടെ വിജയമായി അവർ കാണും. •

# വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 8 ലക്കം 1

സെപ്തംബർ 2025

ഓണററി എഡിറ്റർ

**കെ ആർ നാഗരാജൻ**

പത്രാധിപർ

**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ

**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ

**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ പ്രൈവറ്റ് ലിമിറ്റഡ്
A2 ഗ്രൗണ്ട് ഫ്ലോർ, നം.110 ട്രിനിറ്റി കോംപ്ലക്സ്, 4th അവന്യൂ, അശോക് നഗർ, ചെന്നൈ - 600 083
മൊബൈൽ - 9952920801



ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.




Published by
K.R. NAGARAJAN,
Published from
10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net


## സ്വപ്നങ്ങൾക്ക് പരിധിയില്ല

ഇന്ന് കാണുന്ന ഈ ലോകം സൃഷ്ടിച്ചത് നാമറിയാത്ത, നമ്മെ കടന്നു പോയ ആചാര്യന്മാരാണ്. വനവാസികളായിരുന്ന നമ്മുടെ പൂർവികർക്ക് ലഭിച്ച അറിവുകൾ ഗോത്ര സ്മൃതികളായി തലമുറകൾ കൈമാറിയത് അവരാണ്. തനിക്കു ചുറ്റുമുള്ള ലോകം അവർ പഠിച്ചു, മാറ്റങ്ങൾ നിരീക്ഷിച്ചു. അവയ്ക്ക് വാമൊഴിയും വരമൊഴിയും ഉണ്ടാക്കി. ആ വഴികാട്ടികളാണ് ആദിമ ആചാര്യന്മാർ. നമ്മുടെ വാക്കിനും ചെയ്തിക്കും അർത്ഥം നൽകിയ അവർ മെല്ലെ മെല്ലെ വിവിധ ചിന്താ പദ്ധതികൾക്ക് തന്നെ വഴി തെളിച്ചു. സാമൂഹികവും മാനസികവുമായ പരിവർത്തനത്തിന് അത് വഴികാട്ടിയായി. അറിവ് ഒരു ദീപസ്തംഭം പോലെ കാലങ്ങളെ നയിച്ചു. അതിന്റെ നിരന്തരമായ പ്രചാരണമാണ് അധ്യാപകന്റെ കടമ. കടൽ പോലെ പരന്നു കിടക്കുന്ന സാമൂഹികവും മാനസികവുമായ അറിവിൽ നിന്ന് വേണ്ടത് എടുത്ത് ബാല്യ കൗമാരങ്ങളെ പഠിപ്പിക്കുന്ന കടമയിലാണ് അധ്യാപകർ മുഴുകിയിരിക്കുന്നത്.

അറിവ് വികസ്വരമാകുകയും ശാസ്ത്ര സാങ്കേതിക ലോകം പുതിയ തലത്തിലേക്ക് എത്തുകയും ചെയ്യുന്ന തോടെ അധ്യാപകരുടെ കടമയിലും വലിയ മാറ്റങ്ങൾ ഉണ്ടാകുന്നു. എഴുത്തിനിരുത്തുന്ന ആശാൻ മാത്രമല്ല, മനുഷ്യരാശിയുടെ പ്രധാന ദൗത്യങ്ങളിൽ പങ്കാളികൾ ആകുന്ന വഴികാട്ടി കൂടിയാണ് ഇന്ന് അധ്യാപകൻ.

നമ്മുടെ ധാർമ്മികതയുടെ അളവുകോൽ കൂടിയാണ് ഒരു അധ്യാപകൻ. നമുക്കും സമൂഹത്തിനും ആവശ്യമായത് കണ്ടെത്തി പുതിയ ലോകങ്ങളെ വ്യാഖ്യാനിക്കാൻ ഇന്നത്തെ അധ്യപകന് കഴിയുന്നു. അതിനുള്ള വിത്തിന് കളമൊരുക്കലാണ് നമ്മുടെ അധ്യാപകർ നടത്തുന്നത്. സാമൂഹികമായ സ്മൃതി ലോകത്തിന്റെ കണ്ണാടിയായി മാറ്റാൻ അവർ യത്നിക്കുന്നു. അവരില്ലെങ്കിൽ അറിവുകൾ വെറും വാക്കായി അലമാരകളിൽ ഉറങ്ങുമായിരുന്നു. അവരിൽ വാക്ക് ജീവൻ വയ്ക്കുന്നു, ആശയം രൂപപപ്പെടുന്നു, സ്വപങ്ങൾക്ക് നിറം വയ്ക്കുന്നു, ഇതു വരെ കാണാത്ത ഉയരങ്ങളിലേക്ക് നമ്മുടെ ഭാവന ഉയർത്തുന്നു. സ്വപ്നങ്ങൾക്ക് പരിധിയില്ലെന്ന് നമ്മുടെ അധ്യാപകർ നമുക്ക് ചൊല്ലിത്തരുന്നു. അത് പുതിയ ലോകം തന്നെ സൃഷ്ടിക്കുന്നു. ●


RAMRAJ
ACHARYA
PANCHAKACHAM DHOTIS • KURTA
True Spiritual
Strength Reflected
In Simplicity
Available at Ramraj Showrooms And All Leading Textile Shops


RAMRAJ
mrithu
TOWELS
SOFT LIKE
Foam
MRITHU PREMIUM
BATH TOWELS
STORE LOCATION
BAMBOO TOWELS
SIGNATURE TOWELS
TERRY TOWELS
STRIPED & CHECKERED TOWELS
SUPER SOFT & SUPER ABSORBENT
Available at Ramraj Showrooms and All Leading Textile Shops


Kokhila®
WOMEN'S INNERWEARS
BY
RAMRAJ®


RAMRAJ
LITTLE STARS®
KIDS DHOTIS • SHIRTS

നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ
രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

**വെണ്മ**
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.
ഫോൺ:
0421-4304106, 98422 74137

## ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺ വഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം


(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം.)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**

# ക്ലാസിനും അപ്പുറം ഉള്ള അധ്യാപകർ

'പരീക്ഷാ ഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികൾ ഒരു പ്രഷർ കുക്കറിലെ ഭക്ഷണം പോലെ സമ്മർദ്ദത്തിൽ ആയിരിക്കും.' എന്ന് മനശ്ശാസ്ത്രജ്ഞർ. ഒരു വിദ്യാർത്ഥിയുടെ ഭാവി തീരുമാനിക്കുന്ന പ്രധാനപ്പെട്ട പരീക്ഷ എന്നാണ് പ്ലസ് 2 കരുതപ്പെടുന്നത്. ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള താക്കോൽ ആയ ഈ പരീക്ഷയിൽ തോറ്റാലോ മാർക്ക് കുറഞ്ഞാലോ ഭാവി ഇരുളടഞ്ഞതായി പലരും കരുതാറുണ്ട്.

പരീക്ഷയും പരീക്ഷാഫലങ്ങളും പ്രധാനപ്പെട്ടവ തന്നെ. പക്ഷേ പ്രതീക്ഷിച്ചതു പോലെ അവ ഫലം തന്നില്ലെങ്കിൽ ജീവിതം അവസാനിച്ചുവെന്ന് അർത്ഥമില്ല. പരീക്ഷാ ഫലങ്ങൾ നമ്മുടെ ഭാവിയെ പോസിറ്റീവ് ആക്കും; നെഗറ്റീവ് ആയ ഫലങ്ങളും ഉണ്ടാക്കും. പക്ഷേ അതിനേക്കാൾ അപ്പുറം നമ്മൾ എടുക്കുന്ന തീരുമാനങ്ങളായിരിക്കണം നമ്മുടെ ഭാവി നിർണയിക്കേണ്ടത്.



ഒരാൾ പരീക്ഷയിൽ പരാജയപ്പെട്ടെന്ന് കരുതുക. അതിന് പല കാരണങ്ങൾ ഉണ്ടായിരിക്കും. പരീക്ഷ എഴുതിയ ദിവസം ആ വ്യക്തിക്ക് എന്തെങ്കിലും ശാരീരിക അസ്വസ്ഥതകൾ ഉണ്ടായിരുന്നിരിക്കാം. പെട്ടെന്ന് അപകടം സംഭവിച്ചിരിക്കാം. ആ ദിവസം പരീക്ഷ നന്നായി എഴുതാനുള്ള മാനസികാവസ്ഥ ഇല്ലാതിരുന്നിരിക്കാം. വർഷം മുഴുവനും നന്നായി പഠിച്ചിരുന്ന ആ വ്യക്തിക്ക് പരീക്ഷയ്ക്ക് മുമ്പുള്ള ദിവസങ്ങളിൽ ശരിയായി പഠിക്കാൻ കഴിയാത്തത്ര എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിരുന്നിരിക്കാം; അല്ലെങ്കിൽ ഓരോ വിഷയത്തിലും ആ വ്യക്തി പഠിക്കാതെ വിട്ട ഭാഗത്തു നിന്ന് ചോദ്യങ്ങൾ വന്നിരുന്നിരിക്കാം. അതിനാൽ ഫലം എന്നത് ഈ പരീക്ഷ ആ വ്യക്തി എങ്ങനെ എഴുതി എന്നതിന്റെ ഫലമാണ്. അതിനു ശേഷം എന്തായി മാറുന്നു എന്നത്, ആ വ്യക്തി എടുക്കാൻ പോകുന്ന തീരുമാനത്തിന് അനുസരിച്ചിരിക്കും.

എവിടെയാണ് തെറ്റ് സംഭവിച്ചത് എന്ന് മനസ്സിലാക്കി, അടുത്ത തവണ ശരിയായി ചെയ്യുന്നതാണ് ഒരേയൊരു മാർഗം.

ആഗോള തലത്തിൽ അക്കാദമികമായി പ്രശസ്തമായ ഒരു വീഡിയോ ഉണ്ട്. അതിൽ പൊതു പരീക്ഷ എഴുതാൻ തയാറാകുന്ന വിദ്യാർത്ഥികൾക്ക് ക്ലാസ് ടീച്ചർ ഉപദേശം നൽകുന്നുണ്ട്. 'നിങ്ങളുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട പരീക്ഷ എഴുതാൻ പോകുകയാണ്. ഈ പരീക്ഷയാണ് നിങ്ങൾ ഭാവിയിൽ എന്താകാൻ പോകുന്നുവെന്ന് തീരുമാനിക്കുന്നത്. ഈ പരീക്ഷയിൽ നിങ്ങൾ നേടുന്ന മാർക്കാണ് ഏത് കോളെജിലാണ് അല്ലെങ്കിൽ സർവകലാശാലയിലാണ് നിങ്ങൾ ചേർന്ന് ഉന്നത വിദ്യാഭ്യാസം നേടുന്നത് എന്ന് തീരുമാനിക്കുന്നത്. നിങ്ങൾക്ക് ഭാവിയിൽ എന്ത് ജോലി ലഭിക്കാൻ പോകുന്നു എന്നതും ആ വിദ്യാഭ്യാസമാണ് നിർണയിക്കുന്നത്. അതിനാൽ, ഈ പരീക്ഷകൾ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്ന്

ബോധ്യപ്പെട്ട് എഴുതണം. നിങ്ങളുടെ ജീവിതം തീരുമാനിക്കുന്ന പരീക്ഷ ഇതാണ്...' എന്ന് ക്ലാസ് ടീച്ചർ പറഞ്ഞു കൊണ്ടിരിക്കുമ്പോൾ ആരോ ഒരാൾ ക്ലാസിൽ എത്തും.

'ക്ഷമിക്കണം, ടീച്ചർ. സിങ്കപ്പൂരിൽ ഒരു സ്കൂൾ പ്രിൻസിപ്പാൾ തന്റെ വിദ്യാർത്ഥികൾ രക്ഷിതാക്കൾക്ക്എഴുതിയകത്ത്ഞാൻവായിക്കാം. ഇത് അധ്യാപകരും രക്ഷിതാക്കളും പ്രത്യേകിച്ച് അറിഞ്ഞിരിക്കണം. കുട്ടികളും മനസ്സിലാക്കണം. കത്ത് വായിക്കാം, ശ്രദ്ധിച്ചിരിക്കണം...

'പ്രിയപ്പെട്ട രക്ഷിതാക്കളേ, നിങ്ങളുടെ കുട്ടികളുടെ പരീക്ഷ ഓർത്ത് നിങ്ങൾ മാനസിക സംഘർഷത്തിലായിരിക്കും. അവർ നന്നായി എഴുതണം എന്ന് പ്രാർത്ഥിക്കുന്നുണ്ടാകും.

ഒരു കാര്യം ഓർക്കണം. പരീക്ഷ എഴുതുന്ന ഈ വിദ്യാർത്ഥികളിൽ ഒരു കഴിവുറ്റ ചിത്രകാരൻ ഉണ്ടായിരിക്കാം. അവന് ഗണിതം മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടായിരിക്കും. ഭാവിയിൽ വ്യവസായി ആകാൻകഴിവുള്ളഒരുവിദ്യാർത്ഥിഉണ്ടായിരിക്കാം. അവന് ഇംഗ്ലീഷ് സാഹിത്യവും സാമൂഹിക പാഠവും വഴങ്ങാതിരിക്കും. ഒരു സംഗീത പ്രതിഭ ഉണ്ടായിരിക്കാം. അവന് രസതന്ത്രത്തിൽ നല്ല മാർക്ക് ആവശ്യമില്ലാതിരിക്കാം. ഒരു മികച്ച കായിക താരം ഉണ്ടായിരിക്കാം. അവന് ജീവശാസ്ത്രത്തേക്കാൾ ശാരീരിക ക്ഷമത ആയിരിക്കും പ്രധാനം.

നിങ്ങളുടെ കുട്ടി ധാരാളം മാർക്ക് വാങ്ങിയാൽ അഭിമാനിക്കണം. സന്തോഷിക്കണം. ആഘോഷിക്കണം. കുറഞ്ഞു പോയാൽ, അവരുടെ ആത്മവിശ്വാസവും കരുത്തും ചോർത്തിക്കളയുന്ന കാര്യം ചെയ്യരുത്. ഒരു പരീക്ഷയിലെ മാർക്ക് വച്ച് നിങ്ങളുടെ കുട്ടികളെ വിലയിരുത്തരുത്. അവർ ഇതിനേക്കാൾ മികവുറ്റ കാര്യങ്ങൾ ജീവിതത്തിൽ നേടും. നിങ്ങളുടെ കുട്ടിയോടുള്ള നിങ്ങളുടെ സ്നേഹം, ഈ മാർക്കിൽ കുറഞ്ഞു പോകരുത്.

ഇങ്ങനെ നിങ്ങൾ പെരുമാറിയാൽ, ഭാവിയിൽ നിങ്ങളുടെ കുട്ടികൾ ഈ ലോകം കീഴടക്കുന്ന കാഴ്ച നിങ്ങൾ കാണും. ഈ ലോകത്ത് ഡോക്ടർമാരും എഞ്ചിനീയർമാരും മാത്രമാണ് സന്തോഷമായിരിക്കുന്നവർ എന്ന് ചിന്തിക്കരുത്.'

ഈ കത്ത് പറയുന്നത് ഇതാണ്. 'പരീക്ഷ പ്രധാനപ്പെട്ടവ തന്നെ. പക്ഷേ, ജീവിതത്തിൽ അവ മാത്രമല്ല എല്ലാം. മാർക്ക് ആവശ്യമാണ്. പക്ഷേ



അവ മാത്രമല്ല നിങ്ങളെ തീരുമാനിക്കുന്നത്. ഒരു പരീക്ഷ നിങ്ങളുടെ ഭാവി തീരുമാനിക്കുന്നതാക്കി മാറ്ററുത്. 'ഇതാണ് വിജയം' എന്ന് മറ്റുള്ളവർ നിശ്ചയിച്ചിരിക്കുന്ന അളവുകോൽ കൊണ്ട് നിങ്ങളെ അളക്കരുത്' എന്ന് അദ്ദേഹം പറയുന്നതോടെ ആ വീഡിയോ അവസാനിക്കും.

പരീക്ഷാ ഫലങ്ങൾ ഒരു നിശ്ചിത കാലം വരെ നമ്മെ അലട്ടും. കോളെജിൽ ചെല്ലുമ്പോഴാണ് പ്ലസ് 2 മാർക്ക് പ്രധാനപ്പെട്ടതാകുന്നത്. ജോലി തേടുമ്പോഴാണ് കോളെജ് മാർക്ക് ആവശ്യമായിവരുന്നത്. പിന്നീട് ആ ജോലി എങ്ങനെ ചെയ്യുന്നുവെന്നതാണ് ഭാവി തീരുമാനിക്കുന്നത്.

മാർക്കുകൾക്കും അപ്പുറം നാം നേടുന്ന അറിവാണ് ജീവിതം മുഴുവനും നമ്മെ സഹായിക്കുന്നത്. ഗൂഗിൾസിഇഒസുന്ദർപിച്ചൈയെനിങ്ങൾഅറിയും. അദ്ദേഹം പ്ലസ് 2 പരീക്ഷയിൽ 75 ശതമാനം മാർക്കേ നേടിയിട്ടുള്ളൂ. അദ്ദേഹത്തോടൊപ്പം സ്കൂളിൽ പഠിച്ച മറ്റൊരു വിദ്യാർത്ഥി 96 ശതമാനം മാർക്ക് നേടി. സുന്ദർ പിച്ചൈയെപ്പോലെ അദ്ദേഹവും ഗൂഗിളിൽ തന്നെയാണ് ജോലി ചെയ്യുന്നത്. അദ്ദേഹത്തിനെ ആർക്കും അറിയില്ല. അദ്ദേഹത്തേക്കാൾ പല മടങ്ങ് ശമ്പളം വാങ്ങുന്ന സുന്ദർ പിച്ചൈയെ ഇന്ന് ലോകം അറിയും.

മാർക്കുകൾക്കും അപ്പുറം ജ്ഞാനം വളർത്തിയാൽ മാത്രമാണ് ഇത് സാധ്യമാകുന്നത്. അതാണ് ഉയരങ്ങളിൽ എത്തിക്കുന്ന ഏണി. ആ അറിവ് നൽകുന്ന എന്തും പാഠമായി എടുക്കണം; ആരെയും ഗുരുക്കന്മാരായി സ്വീകരിക്കണം. ക്ലാസ് മുറിക്കും അപ്പുറമുള്ള അധ്യാപകരെ തേടി കണ്ടെത്തണം. ●

# അമ്മയാകുന്ന അധ്യാപകർ

'അധ്യാപകർനൽകുന്നപ്രചോദനമാണ് ഒരു കുട്ടിയുടെ ജീവിതം മാറ്റിമറിക്കുന്നത്. ജീവിതപങ്കാളി നൽകുന്ന പ്രചോദനമാണ് ഒരു വിവാഹ ബന്ധം പോഷിപ്പിക്കുന്നത്. ഒരു നേതാവ് പകരുന്ന പ്രചോദനമാണ്, എല്ലാവർക്കും തങ്ങളുടെ കഴിവ് മനസ്സിലാക്കാനുള്ള അവസരം നൽകുന്നത്' എന്ന് ജോൺ മാക്സ്‌വെൽ എന്ന പണ്ഡിതൻ. 'വിദ്യാഭ്യാസത്തിൽ 90 ശതമാനം പ്രചോദനവും 10 ശതമാനം പാഠങ്ങളും മതി' എന്നാണ് അനറ്റോൾ ഫ്രാൻസ് പറഞ്ഞത്.

ഒരു വിദ്യാർത്ഥിയുടെ ജീവിതത്തെ ഇത്തരത്തിൽ പ്രചോദിപ്പിച്ച് മാറ്റിയ അധ്യാപികയുടെ പ്രശസ്തമായ കഥയാണ് ഇത്...

വാരാന്ത്യം കഴിഞ്ഞ്, തിങ്കളാഴ്ച രാവിലെ ക്ലാസിൽ എത്തി അധ്യാപിക സുമതി. ക്ലാസിൽ കടന്നതും വിദ്യാർത്ഥികളെ നോക്കി 'ലവ് യു ഓൾ' എന്ന് പറഞ്ഞു. ഇത് ആ ടീച്ചറുടെ പതിവാണ്. താൻ പറയുന്നത് കള്ളമാണെന്ന് ആ ടീച്ചർക്ക് അറിയാം. കാരണം, ആ ക്ലാസിലെ ഒരു വിദ്യാർത്ഥിയെ മാത്രം ആ ടീച്ചർക്ക് ഇഷ്ടമായിരുന്നില്ല. ശരിയായി പഠിക്കാത്ത, വൃത്തിയായ വസ്ത്രം ധരിക്കാത്ത, ഒന്നിലും അച്ചടക്കം പാലിക്കാത്ത, ഒരു നല്ല സ്വഭാവവും ഇല്ലാത്ത മഹേഷ് ആണ് ആ വിദ്യാർത്ഥി. മഹേഷിനെ ആ ടീച്ചർക്ക് വെറുപ്പാണ്.

ക്വാർട്ടർലി പരീക്ഷ കഴിഞ്ഞു. വിദ്യാർത്ഥികളുടെ പ്രോഗ്രസ് റിപ്പോർട്ട് ക്ലാസ് ടീച്ചർമാരിൽ നിന്ന് പ്രിൻസിപ്പാളിന്റെ ഒപ്പിനായി എത്തി. റിപ്പോർട്ടുകൾ കണ്ട പ്രിൻസിപ്പാൾ അധ്യാപിക സുമതിയെ വിളിപ്പിച്ചു. മഹേഷിന്റെ പ്രോഗ്രസ് റിപ്പോർട്ട് അദ്ദേഹത്തിന്റെ കൈയിൽ ഉണ്ടായിരുന്നു.

'പ്രോഗ്രസ് റിപ്പോർട്ട് എന്നാണ് ഇതിനെ വിളിക്കുന്നത്. ഒരു കുട്ടിയുടെ പുരോഗതി അത് പറയണം. ഇങ്ങനെ 'ഇവൻ രക്ഷപ്പെടില്ല' എന്ന് നെഗറ്റീവ് ആയി എഴുതരുത്' എന്ന് പറഞ്ഞു പ്രിൻസിപ്പാൾ. സുമതി നീരസത്തോടെ, 'അവനെക്കുറിച്ച് എഴുതാൻ നല്ല കാര്യങ്ങൾ ഒന്നുമില്ല' എന്ന് പറഞ്ഞു.

പ്രിൻസിപ്പാൾ ചില കാർഡുകൾ സുമതി ടീച്ചർക്ക് നൽകി. അവ കഴിഞ്ഞ വർഷങ്ങളിലെ മഹേഷിന്റെ പ്രോഗ്രസ് റിപ്പോർട്ടുകളായിരുന്നു. അവ സുമതി നോക്കി. മൂന്നാം ക്ലാസിലെ റിപ്പോർട്ടിൽ, 'ക്ലാസിലെ മിടുക്കനായ വിദ്യാർത്ഥി മഹേഷ്' എന്ന് എഴുതിയിട്ടുണ്ടായിരുന്നു. താൻ വായിച്ചത് വിശ്വസിക്കാൻ കഴിയാതെ സ്തബ്ധയായിപ്പോയി സുമതി. നാലാം ക്ലാസിലെ റിപ്പോർട്ടിൽ 'മഹേഷിന്റെ അമ്മയ്ക്ക് കാൻസർ ആണ്. അതു കൊണ്ട് പഴയതു പോലെ മകന്റെ കാര്യം അവർക്ക് ശ്രദ്ധിക്കാൻ കഴിയുന്നില്ല. അതിന്റെ ഫലം അവനിൽ കാണാൻ തുടങ്ങിയിട്ടുണ്ട്' എന്ന് എഴുതിയിരുന്നു. അഞ്ചാം ക്ലാസിലെ റിപ്പോർട്ടിൽ ഇങ്ങനെ എഴുതിയിരുന്നു, 'മഹേഷിന്റെ അമ്മ മരിച്ചു. അവനെ നമ്മൾ വഴികാട്ടണം. അല്ലാത്തപക്ഷം ആ കുട്ടി നമുക്ക് നഷ്ടമാകും.' കണ്ണീരോടെ പ്രിൻസിപ്പാളിനെ നോക്കി സുമതി പറഞ്ഞു, 'ഇനി എന്താണ് ചെയ്യേണ്ടതെന്ന് എനിക്ക് മനസ്സിലാകുന്നുണ്ട്.'

അടുത്ത ദിവസം രാവിലെ ടീച്ചർ ക്ലാസിൽ ചെന്ന് കുട്ടികളെ നോക്കി പതിവു പോലെ 'ലവ് യു ഓൾ' എന്ന് പറഞ്ഞു. ഇത്തവണയും താൻ കള്ളമാണ് പറയുന്നതെന്ന് അവർക്ക് അറിയാം. കാരണം, ഇപ്പോൾ മറ്റു കുട്ടികളേക്കാൾ മഹേഷിനോടുള്ള സ്നേഹം അളവിലും അധികമായിരുന്നു. അത് മാത്രമല്ല, എല്ലാ കുട്ടികളോടും അവർ പെരുമാറുന്ന രീതിയും മാറി. അതിനു ശേഷം ഓരോ നല്ല കാര്യത്തിനും അവന്റെ പേര് ഉയർന്നു വന്നു. അവന് പ്രചോദനം നൽകുന്ന കാര്യങ്ങൾ മാത്രം ദിവസവും പറഞ്ഞു. ശ്രദ്ധയോടെ ഓരോന്നും പറഞ്ഞു കൊടുത്തു. അതിന്റെ ഫലം അവന്റെ പഠനത്തിലും ഗുണങ്ങളിലും വസ്ത്രങ്ങളിലും അച്ചടക്കത്തിലും കണ്ടു.

ആ വർഷത്തെ സ്കൂൾ അവസാന ദിവസം എത്തി. എല്ലാ വിദ്യാർത്ഥികളും തങ്ങളുടെ അധ്യാപകർക്കായി സമ്മാനങ്ങൾ ക്ലാസിൽ കൊണ്ടുവച്ചിരുന്നു. അവയ്ക്ക് നടുവിൽ ഒരു പെട്ടി മാത്രം, പഴയ പത്രം കൊണ്ട് പൊതിഞ്ഞിരുന്നു. ടീച്ചർ സുമതിക്ക് അത് കണ്ടതും മഹേഷ് കൊണ്ടുവന്നതാണെന്ന് തോന്നി. ആദ്യം അത് തുറന്നു. അതിനുള്ളിൽ പകുതി ഉപയോഗിച്ച ഒരു സെന്റ് കുപ്പിയും ചില കല്ലുകൾ ഇളകിയ വളകളും ഉണ്ടായിരുന്നു. അവ കണ്ട് മറ്റെല്ലാ

വിദ്യാർത്ഥികളും ചിരിച്ചു.

ടീച്ചർ ആ സെന്റ് തന്റെ ദേഹത്ത് പുരട്ടി. വളകൾ എടുത്ത് കൈയിൽ ഇട്ടു. വളരെ അപൂർവമായി ചിരിക്കുന്ന മഹേഷ് ഒരു പുഞ്ചിരിയോടെ പറഞ്ഞു. 'ഇപ്പോൾ ടീച്ചർക്ക് എന്റെ അമ്മയുടെ മണം. മരിക്കും മുമ്പ് അമ്മ ഉപയോഗിച്ച സെന്റ് ഇതാണ്. ഈ വളകളാണ് അമ്മ ധരിച്ചിരുന്നത്.'

ഒരു വർഷം കഴിഞ്ഞു. അടുത്ത വർഷം സ്കൂൾ അവസാന ദിവസം ടീച്ചർ സുമതിയുടെ മേശയിൽ ഒരു കത്ത് ഉണ്ടായിരുന്നു. 'ധാരാളം അധ്യാപകരെ ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ ഞാൻ കണ്ട ഏറ്റവും മികച്ച അധ്യാപിക താങ്കളാണ് -സ്നേഹത്തോടെ മഹേഷ്' എന്ന് അതിൽ എഴുതിയിരുന്നു.

വർഷങ്ങൾ കടന്നു പോയി. ടീച്ചർ വിരമിച്ചു.



ഒരു ദിവസം ടീച്ചറെ കാണാൻ മഹേഷ് എത്തി. ദൂരെ ഒരു നഗരത്തിൽ പ്രശസ്ത ഡോക്ടർ ആയി ജോലി നോക്കുകയാണെന്ന് പറഞ്ഞു. 'എന്റെ വിവാഹമാണ്. താങ്കൾ ഇല്ലാതെ അത് പൂർണമാകില്ല. തീർച്ചയായും വരണം' എന്ന് ക്ഷണക്കത്ത് നൽകി. ഒപ്പം വിമാന ടിക്കറ്റും ഉണ്ടായിരുന്നു.

ടീച്ചറുടെ പക്കൽ ആ സെന്റ് കുപ്പി ഇപ്പോൾ ഇല്ല. വളകൾ സൂക്ഷിച്ചു വച്ചിരുന്നു. അവ ധരിച്ച് വിവാഹത്തിന് പുറപ്പെട്ടു. കതിർ മണ്ഡപത്തിൽ ഇരുന്ന് കവാടത്തിലേക്ക് നോക്കിയിരുന്ന മഹേഷ് ടീച്ചറെ കണ്ടതും ഓടിവന്നു. കൈകളിൽ പിടിച്ച് മുൻനിരയിലേക്ക് കൂട്ടിക്കൊണ്ടുപോയി. 'അമ്മ' എന്ന് സ്റ്റിക്കർ ഒട്ടിച്ച സീറ്റിൽ ടീച്ചറെ ഇരുത്തി.

ടീച്ചർ ആ നവവധുവിനോട് പറഞ്ഞു, 'മഹേഷ് ഇല്ലായിരുന്നെങ്കിൽ, ഒരു അധ്യാപിക തന്റെ വിദ്യാർത്ഥികൾക്ക് ആദ്യം ഒരു അമ്മയായിരിക്കണം എന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ടായിരിക്കില്ല.' ടീച്ചർമാരാണ് ഓരോരുത്തർക്കും വളർത്തമ്മയായി മാറുന്നവർ.

# പരിശീലനമാണ് വിദ്യാഭ്യാസം

ഒരു യുവാവിന് ഗായകനാകാൻ ആഗ്രഹം. സംഗീതം പഠിക്കാൻ ഗുരുവിന്റെ അടുത്ത് പോയി. ഒരു കീർത്തനം തന്നെ ഒരാഴ്ച പഠിപ്പിച്ച അദ്ദേഹം, ദിവസവും അതു തന്നെ ആലപിക്കാനും പറഞ്ഞു. ഓരോ ദിവസവും തെറ്റുകൾ തിരുത്തും. മൂന്നു മാസം ദിവസവും ഒരേ കീർത്തനം ആലപിച്ച് മടുത്ത അവൻ, ഒരു ഘട്ടത്തിൽ ഗായകനാകാനുള്ള ആഗ്രഹം ഉപേക്ഷിച്ച് ഒരു ഹോട്ടലിൽ ജോലിക്ക് ചേർന്നു.

ഒരു ദിവസം ആ ഹോട്ടലിൽ ആരോ വന്ന് ഗാന മത്സരം നടത്തി. അവനും മത്സരത്തിൽ പങ്കെടുത്ത്, അവൻ പരിശീലിച്ച ഒരേയൊരു കീർത്തനം ആലപിച്ചു. സദസ്സ് ആവേശത്തിൽ കൈയടിച്ച്, മത്സരം സംഘടിപ്പിച്ച വ്യക്തി വന്ന് അവനെ കെട്ടിപ്പിടിച്ചു. 'മനോഹരമായി പാടി, ആരാണ് നിന്റെ ഗുരു? മറ്റൊരു ഗാനം ആലപിക്കാമോ' എന്ന് ചോദിച്ചു. തനിക്ക് ഒരേയൊരു കീർത്തനം മാത്രമേ അറിയൂ, ഞാൻ പഠിക്കുന്നതേ ഉള്ളൂ എന്ന് അവൻ പറഞ്ഞത് അവർക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.

'അങ്ങനെയാണെങ്കിൽ നിന്റെ ഗുരു പ്രതിഭയാണ്' എന്ന് അദ്ദേഹം പറഞ്ഞ ശേഷം അവന് സമ്മാനം നൽകി. പിറ്റേ ദിവസം തന്നെ ഗുരുവിന്റെ അടുത്തു പോയി മാപ്പ് പറഞ്ഞ് വീണ്ടും സാധകം ആരംഭിച്ച അവൻ, വൈകാതെ വലിയ ഗായകനായി മാറി.

ഗുരു എന്ത് ചെയ്താലും, അതിൽ അർത്ഥം ഉണ്ടായിരിക്കും.

## മികച്ച ഗുരുക്കന്മാർ ഇങ്ങനെ ആയിരിക്കും



- താൻ പഠിപ്പിക്കുന്ന വിഷയങ്ങളെക്കുറിച്ച് തുടർന്ന് പഠിച്ചു കൊണ്ടിരിക്കും. അവ വിദ്യാർത്ഥികൾക്ക്മനസ്സിലാകുംവിധംപഠിപ്പിക്കേണ്ടമാർഗങ്ങൾതേടിക്കൊണ്ടേയിരിക്കും.
- ക്ഷമയും സഹനവും അവരുടെ അടയാളങ്ങളായിരിക്കും. ഏത് ചുറ്റുപാടിലും നിലതെറ്റിയ ദേഷ്യം വെളിപ്പെടുത്തില്ല.
- തന്റെ മേലുള്ള വിശ്വാസം പോലെ വിദ്യാർത്ഥികളിലും അവർ വിശ്വാസം അർപ്പിക്കും.
- വിദ്യാർത്ഥികളുടെ സ്നേഹപാത്രമായിരിക്കും. തങ്ങൾ ഇഷ്ടപ്പെടുന്ന അധ്യാപകരുടെ പാഠങ്ങൾ വിദ്യാർത്ഥികൾ നന്നായി പഠിക്കും എന്ന് അവർക്ക് ബോധ്യമുണ്ടായിരിക്കും.
- ചോദ്യങ്ങൾ ചോദിക്കുന്നതിൽ മികവുറ്റവരായിരിക്കും. നല്ല ചോദ്യങ്ങൾ ചോദിക്കാൻ കഴിയുന്ന അധ്യാപകർക്കാണ്, തന്റെ വിദ്യാർത്ഥികളുടെ കഴിവുകൾ അളക്കാനും കഴിയുക.

## ലോകത്തെ പരിചയപ്പെടുത്തും

- ഒരു മികച്ച അധ്യാപകനാണ് നമുക്ക് ലോകം പരിചയപ്പെടുത്തുന്നത്. നമ്മെ നല്ല മനുഷ്യരാക്കി ലോകത്തിന് പരിചയപ്പെടുത്തുന്നത്.
- നാം കാണുന്ന എല്ലാ കാര്യങ്ങളിലും ഏത് ശരി, ഏത് തെറ്റ് എന്നത് മനസ്സിലാക്കാനുള്ള ജ്ഞാനം നമുക്ക് നൽകും.
- നിർബന്ധിപ്പിച്ച് നമ്മെ പഠിപ്പിക്കില്ല. അധ്യാപകൻ പഠിപ്പിക്കുന്ന വിധം കണ്ട് നാം ആവേശത്തോടെ ക്ലാസിൽ ഇരുന്നു പോകും.
- നാം അധ്യാപകരോട് ഭയം കലർന്ന ദൂരം പാലിക്കും. സുഹൃത്തുക്കളോട് സ്വാഭാവികമായി അടുക്കും. നല്ല അധ്യാപകർ നമ്മോട് സുഹൃത്തുക്കളെപ്പോലെ അടുത്തിടപഴകും.
- മാർക്കിനു വേണ്ടി പാഠങ്ങളിൽ മാത്രം നമ്മൾ മികച്ചവരാകണമെന്നത് ശ്രദ്ധിക്കാതെ ജീവിതത്തിലെ നമ്മുടെ മുന്നേറ്റത്തിലും കരുതൽ ഉണ്ടായിരിക്കും.



## മാറ്റം ഉണ്ടാക്കണം

'സ്കൂൾ ബെൽ അടിച്ചതും ക്ലാസ് മുറിയിലേക്ക് നടക്കുന്ന ഒരു അധ്യാപകന് പാഠങ്ങൾ മനപ്പാഠമായിരിക്കും. പക്ഷേ അധ്യാപകന് കുട്ടികളുടെ മനശ്ശാസ്ത്രം എത്ര കണ്ട് അറിയാം എന്നത് അതിനേക്കാൾ പ്രധാനം' വിദ്യാഭ്യാസ വിചക്ഷണനായ യശ്പാൽ പറയുന്നു.

അധ്യാപകർ ഓർത്തിരിക്കേണ്ട മറ്റൊരു കാര്യം, 50 വർഷം കഴിയുമ്പോൾ നമ്മൾ ഏത് കാറിൽ പോകുന്നു എന്നതോ എത്തരത്തിലുള്ള വീട്ടിൽ താമസിക്കുന്നു എന്നതോ ബാങ്ക് അക്കൗണ്ടിൽ എത്ര പണം ഉണ്ട് എന്നതോ പ്രധാനമല്ല. എത്ര കുട്ടികളുടെ ജീവിതത്തിൽ നിങ്ങൾ മാറ്റം ഏർപ്പെടുത്തി എന്നതാണ് എല്ലാത്തിനേക്കാളും പ്രധാനം.

ശ്രേഷ്ഠരായ അധ്യാപകർ തങ്ങളുടെ വിദ്യാർത്ഥികൾ പറയുന്നത് ശ്രദ്ധയോടെ കേൾക്കും. അങ്ങനെ പരസ്പര അകലം കുറയ്ക്കും. തന്റെ വിദ്യാർത്ഥികളുടെ തലത്തിലേക്ക് ഇറങ്ങിച്ചെന്ന് അവർക്കുള്ളിൽ വിദ്യാഭ്യാസം വിതയ്ക്കും. കുട്ടികളെ സ്വന്തം കഴിവ് മനസ്സിലാക്കി ശരിയായ വഴി തെരഞ്ഞെടുക്കാൻ വഴികാട്ടും. അവർക്കുള്ളിൽ പോസിറ്റീവ് ചിന്തകളും നല്ല പ്രതീക്ഷകളും സൃഷ്ടിക്കും. കുട്ടികൾക്ക് മാർഗദർശിയായിരിക്കും.




## അർപ്പണബോധമുള്ള അധ്യാപകർ

പുതിയ ഗണിത അധ്യാപകനെക്കുറിച്ച് ഓർക്കുമ്പോഴേ ഒരു സ്കൂളിലെ വിദ്യാർത്ഥികളുടെ ഉറക്കം കെടും. എല്ലാവരും 90 മാർക്കിൽ കുറയാതെ നേടണം എന്നാണ് അധ്യാപകന്റെ പ്രതീക്ഷ. ധാരാളം ഹോം വർക്ക് നൽകും. തുടരെത്തുടരെ പരീക്ഷ നടത്തും. വൈകുന്നേരം സ്കൂൾ കഴിഞ്ഞ് സ്പെഷ്യൽ ക്ലാസ് വയ്ക്കും.

ഈ ശല്യം സഹിക്കാൻ കഴിയാതെ വിദ്യാർത്ഥികളിൽ ചിലർ അധ്യാപകനെതിരെ ഒരു ഊമക്കത്ത് വിദ്യാഭ്യാസ അധികാരികൾക്ക് അയച്ചു. അങ്ങനെ അന്വേഷണം വന്നപ്പോൾ ആ അധ്യാപകൻ തകർന്നു പോയി. 'എന്റെ കുടുംബത്തിനെ പോലും ശ്രദ്ധിക്കാതെ സ്കൂളേ ശരണം എന്നാണ് ഞാൻ ജീവിക്കുന്നത്. എനിക്ക് എന്തു കൊണ്ട് ഈ അവസ്ഥ?' എന്ന് അദ്ദേഹം പുലമ്പിക്കൊണ്ടേയിരുന്നു. ഊമക്കത്ത് എഴുതിയ വിദ്യാർത്ഥികൾ കുറ്റബോധത്തിൽ ഉഴറി. എന്നിരുന്നാലും അദ്ദേഹം അർപ്പണബോധത്തോടെ പഠിപ്പിക്കൽ തുടർന്നു.




പൊതു പരീക്ഷയിൽ ആ സ്കൂളിലെ വിദ്യാർത്ഥികൾ, ചുറ്റുവട്ടത്തെ എല്ലാ സ്കൂളിനേക്കാളും കൂടുതൽ മാർക്കുകൾ നേടി. അപ്പോഴാണ് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അധ്യാപകന്റെ മികവ് മനസ്സിലായത്. അദ്ദേഹത്തെ കണ്ട് മാപ്പ് പറഞ്ഞു.

# എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

ക്ലാസിൽ ഒന്നാം നിരയിൽ ഇരിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി അധ്യാപകർക്ക് കൂടുതൽ കഷ്ടപ്പെടേണ്ടി വരാറില്ല. അവസാന നിരയിൽ ഇരിക്കുന്നവരാണ് അധ്യാപകന്റെ കഠിനാധ്വാനം പ്രതീക്ഷിക്കുന്നവർ.നടുബെഞ്ചിൽഇരിക്കുന്നവർക്കു വേണ്ടിയും അത്യാവശ്യം കഷ്ടപ്പെടേണ്ടി വരും. എല്ലാവരും ഒരേ പോലെ പഠിക്കാറില്ല. ഒരേ പോലെ മാർക്കുകൾ നേടാറുമില്ല.

ഒരു വിദ്യാർത്ഥിക്ക് ഏത് രീതിയിൽ പഠിക്കുന്നതാണോ ഇഷ്ടം, ആ രീതിയിൽ പഠിപ്പിച്ചാലേ അവർക്ക് ലളിതമായും വേഗത്തിലും പഠിക്കാൻ കഴിയൂ. മസ്തിഷ്കത്തിന്റെ പ്രവർത്തനത്തിൽ ഗവേഷണം നടത്തിയ ശാസ്ത്രജ്ഞർ പറയുന്നതാണ് ഇത്. പക്ഷേ വിദ്യാഭ്യാസ ഗവേഷണങ്ങളും ശാസ്ത്ര ഗവേഷണങ്ങളും ഇതിന് വിപരീതമായ സത്യങ്ങളാണ് പറയുന്നത്.



ഓരോ മനുഷ്യനും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാണ്. 'എല്ലാവരും തനത് സൃഷ്ടികൾ' എന്ന് ശാസ്ത്രം തന്നെ പറയുന്നുണ്ട്.വിദ്യാർത്ഥികളുംഅങ്ങനെതന്നെ. പഠനത്തെക്കുറിച്ചുള്ള ചിന്തയും വികാരവും ഓരോ വിദ്യാർത്ഥിക്കും വ്യത്യസ്തമായിരിക്കും. ഓരോരുത്തരുടെ ബലവും വ്യത്യസ്തമായിരിക്കും. ഒരു വിദ്യാർത്ഥിയുടെ മസ്തിഷ്കത്തിന്റെ പ്രധാനപ്പെട്ട ഭാഗങ്ങൾ എങ്ങനെയാണോ ഉണ്ടായിരിക്കുന്നത് അതിന് അനുസൃതമായിട്ടായിരിക്കും ആ വിദ്യാർത്ഥിയുടെ പഠന മികവും. ആ കഴിവിന് അനുസൃതമായിട്ടായിരിക്കും അവൻ വിദ്യാഭ്യാസവും നേടുക.

- ചിത്രങ്ങൾ, പെയിന്റിംഗുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവ കണ്ട് പഠിക്കുന്നത് 'ദൃശ്യ വിദ്യാഭ്യാസം' എന്ന് പറയും. ചിത്രങ്ങളെ പാഠങ്ങളായി കാണുന്ന പലർക്കും ഇത് എളുപ്പത്തിൽ മനസ്സിലാകും.
- സംവേദനം കൊണ്ടുള്ള പഠനം മറ്റൊരു രീതി. മുദ്രകൾ, സ്പർശം, ആംഗ്യം എന്നിങ്ങനെ വികാരം കൊണ്ട് പഠിക്കുന്നതാണ് ഈ രീതി.
- ചിലർക്ക് ശബ്ദം വഴിയുള്ള പഠനം ഇഷ്ടമായിരിക്കും. ശബ്ദ ചിത്രങ്ങൾ കേട്ട് ഇവർ പഠിക്കും.
- ചിലർക്ക് വാക്കുകളിലൂടെ പഠിക്കുന്നത് ലളിതമായിരിക്കും. എഴുതിയും കേട്ടും അവർ പഠിക്കും.
- ചിലർക്ക് മനപ്പാഠം ഇഷ്ടമായിരിക്കില്ല. ഒരു പാഠം പഠിപ്പിക്കുകയാണെങ്കിൽ, അത് എന്തു കൊണ്ട് അങ്ങനെ എന്ന കാരണം പറഞ്ഞാൽ പെട്ടെന്ന് മനസ്സിലാകും.

- ചിലർക്ക് ഗ്രൂപ്പ് സ്റ്റഡി ഇഷ്ടമായിരിക്കും. ഒരേ ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ചേർന്ന്, പാഠത്തെക്കുറിച്ച് ചർച്ച ചെയ്ത് പഠിക്കും. ഈ ചർച്ച അവരുടെ പഠനത്തിന് സഹായിക്കും.
- ചിലർക്ക് ഒറ്റയ്ക്കിരുന്ന് പഠിക്കുന്നതായിരിക്കും ഇഷ്ടം. നിശ്ശബ്ദമായി ഒറ്റയ്ക്കിരുന്ന് മനസ്സിരുത്തി പഠിക്കും. ഇങ്ങനെ പഠിച്ചാലേ മനസ്സിലാകൂ എന്നത് അവരുടെ വിശ്വാസം.

'ഒരാൾക്ക് ഇഷ്ടവും അനുയോജ്യവുമായ പഠന രീതി ഏതെന്ന് മനസ്സിലാക്കി അതിന് അനുസൃതമായി പഠിപ്പിച്ചാൽ, പഠന മികവ് വർധിക്കും' എന്ന് വിദ്യാഭ്യാസ വിചക്ഷണർ പറയുന്നു. പക്ഷേ, ഇത് എതിർക്കുന്നവരും ഉണ്ട്. 'ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട യാഥാർത്ഥ്യം അല്ല. ഈ അഭിപ്രായം സൈദ്ധാന്തികർ തെറ്റായാണ് മനസ്സിലാക്കിയിരിക്കുന്നത്. ഒരാളെ എങ്ങനെ പഠിപ്പിച്ചാൽ ആ വ്യക്തിയുടെ മസ്തിഷ്കം പഠനമികവ് ത്വരിതപ്പെടുത്തും എന്നത് ബോധ്യപ്പെടാനേ ഈ പഠന രീതി സഹായിക്കൂ. പക്ഷേ ഇത് ഒരാളെ മികച്ച വിദ്യാർത്ഥിയാക്കില്ല' എന്ന് പറയുന്നു ശാസ്ത്രജ്ഞർ.


## യാഥാർത്ഥ്യം എന്ത്?

- ഓരോരുത്തരും വ്യത്യസ്തരാണ്. അതിനാലാണ് അവരുടെ പഠന മികവും വ്യത്യസ്തമാകുന്നത്, ചിലർക്ക് പ്രത്യേക കഴിവുകൾ ഉണ്ടായിരിക്കും; ചിലർക്ക് പ്രത്യേക ആവശ്യങ്ങൾ ഉണ്ടായിരിക്കും. പഠന മികവ് എന്നത് പല രൂപത്തിലുള്ളതാണ്. ആരും കഴിവ് കുറഞ്ഞവർ അല്ല. അധ്യാപകർക്ക് അവരുടെ കഴിവുകൾ മനസ്സിലാക്കാൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം.
- വിദ്യാർത്ഥികളുടെ താൽപര്യങ്ങളും വ്യത്യസ്തമായതാണ്. ചിലർക്ക് ചില വിഷയങ്ങൾ കയ്ക്കും; ചില വിഷയങ്ങൾ മധുരിക്കും. ഏത് വിഷയം ഇഷ്ടമാണോ അത് വേഗത്തിലും ആഴത്തിലും പഠിക്കും.
- വിദ്യാർത്ഥികളുടെ പഠന കഴിവിൽ, അവരുടെ പശ്ചാത്തലവും കാരണമാകാറുണ്ട്. മൂന്ന് തലമുറകളായി വിദ്യാഭ്യാസം നേടുന്ന കുടുംബത്തിൽ നിന്ന് എത്തുന്ന വിദ്യാർത്ഥിക്കും ആദ്യ തലമുറയായി പഠിക്കാൻ എത്തുന്ന വിദ്യാർത്ഥിക്കും ഒരേ പോലെ പഠിക്കാൻ കഴിയില്ല. വീട്ടിൽ പഠിക്കാൻ അവസരങ്ങൾ ഇല്ലാത്ത വിദ്യാർത്ഥിക്കും എല്ലാ സൗകര്യങ്ങളും കുടുംബം ചെയ്തു കൊടുക്കുന്ന സമ്പന്നനായ വിദ്യാർത്ഥിക്കും ഒരേ പോലെ പഠിക്കാൻ കഴിയില്ല.
- ഭൂരിഭാഗം പേർക്കും പഠനത്തിൽ എന്തെങ്കിലും ഒരു ന്യൂനത ഉണ്ടായിരിക്കും. ഇത് അസുഖമാണെന്ന് തെറ്റിദ്ധരിക്കരുത്. കുഴപ്പം പിടിച്ച കണക്കിനു പോലും ലളിതമായി ഉത്തരം കണ്ടെത്തുന്ന ഒരു വിദ്യാർത്ഥി, രണ്ട് വരി കവിത മനപ്പാഠം ചൊല്ലാൻ ബുദ്ധിമുട്ടിയേക്കും. ഇത് മനസ്സിലാക്കി അവരെ പഠിപ്പിക്കണം.

## ഇതിൽ അധ്യാപകർ ചെയ്യേണ്ടതെന്ത്?

- ക്ലാസിൽ ഇരിക്കുന്ന ഓരോരുത്തർക്കു വേണ്ടിയും പഠിപ്പിക്കൽ രീതി അധ്യാപകർക്ക് മാറ്റാൻ കഴിയില്ല. അതിനാൽ അറിയാവുന്ന ഏറ്റവും മികച്ച രീതിയിൽ പഠിപ്പിക്കണം.
- വിദ്യാർത്ഥികൾ പഠിക്കുന്ന രീതി നോക്കാതെ, അവരുടെ താൽപര്യവും പശ്ചാത്തലവും അധ്യാപകർ ശ്രദ്ധിക്കണം.
- വിദ്യാർത്ഥികളുടെ പഠന രീതിയേയും കഴിവിനേയും കാൾ, ഒരു വിഷയത്തിന്റെ ഉള്ളടക്കമാണ് വേഗത്തിലും മികവോടെയും ഉള്ള പഠനം നിർണയിക്കുന്നത്.
- വെറുതേ പഠിപ്പിക്കുന്നതിലുപരി, ദൃശ്യങ്ങളിലൂടെയും വികാരങ്ങളിലൂടെയും സമാനമായ മറ്റ് മാർഗങ്ങളിലൂടെയും പഠിപ്പിക്കണം.
- എല്ലാ വിഷയങ്ങളും ഒരേ പോലെ പഠിപ്പിക്കാൻ കഴിയില്ല; വ്യത്യസ്ത വിഷയങ്ങൾ ഒരേ രീതിയിൽ വിദ്യാർത്ഥികൾക്ക് പഠിക്കാനും കഴിയില്ല. ഭാഷാ പാഠങ്ങൾ പഠിക്കുന്ന വിധവും ശാസ്ത്ര വിഷയങ്ങൾ പഠിക്കുന്ന രീതിയും വ്യത്യസ്തമാണ്. ക്ലാസിൽ ഏത്, എങ്ങനെ പഠിപ്പിക്കുന്നതാണ് മികവ് എന്ന് മനസ്സിലാക്കി, അതിന് അനുസൃതമായി അധ്യാപകർ പ്രവർത്തിക്കണം.
- ഒരു വിദ്യാർത്ഥിയുടെ പഠന രീതിക്കും മികവോടെയുള്ള പഠനത്തിനും തമ്മിൽ ബന്ധമൊന്നും ഇല്ല. അത് കഴിവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ●

# പഠന താൽപര്യം കുറയ്ക്കുന്ന 6 കാര്യങ്ങൾ



കുട്ടികളുടെ പഠന താൽപര്യം കുറയ്ക്കുന്ന കാര്യങ്ങൾ ഏതൊക്കെയാണ്? അധ്യാപകർ ഇതിന് ഒരു രീതിയിലും വിദ്യാർത്ഥികൾ മറ്റൊരു രീതിയിലും മറുപടി പറയും. സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ നടത്തിയ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ, ആറ് കാര്യങ്ങൾ അക്കാദമീഷ്യന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാര്യങ്ങൾ അധ്യാപകർ അവയുടെ പൂർണ അർത്ഥത്തിൽമനസ്സിലാക്കിയാൽ,വിദ്യാർത്ഥികളെ കൂടുതൽ മികവോടെ വഴിനടത്താൻ കഴിയും.

## കഠിനമായ പരീക്ഷ

പരീക്ഷ എന്നത് വിദ്യാർത്ഥികളുടെ കഴിവ് അവരെ ബോധ്യപ്പെടുത്തി ആത്മ വിശ്വാസം നൽകാൻ വയ്ക്കപ്പെട്ടതാണ്. പക്ഷേ, വിദ്യാർത്ഥികൾപലരുംവെറുക്കപ്പെടുന്നകാര്യമായി അത്. നന്നായി പഠിക്കുന്ന വിദ്യാർത്ഥികളും അവസാന ബെഞ്ചുകാരുമെല്ലാം ഇക്കാര്യത്തിൽ ഒന്നു തന്നെ. ക്ലാസിൽ പഠിപ്പിക്കുമ്പോൾ നന്നായി മനസ്സിലാക്കുന്ന, ചോദ്യം ചോദിച്ചാൽ ഉടൻ ഉത്തരം പറയുന്ന, ഗൃഹപാഠങ്ങൾ കൃത്യമായി എഴുതുന്ന വിദ്യാർത്ഥികളിൽ ചിലർ പോലും പരീക്ഷയിൽ നല്ല മാർക്ക് നേടാറില്ല. പരീക്ഷ അവരെ ടെൻഷനാക്കും. അതിനാൽ ക്ലാസിലെ ചെറിയ, ചെറിയ പരീക്ഷകൾ കഠിനമാക്കരുത്. പരീക്ഷ എല്ലാത്തരം വിദ്യാർത്ഥികളെയും പ്രോത്സാഹിപ്പിക്കുന്നതും അവർ പഠിച്ച പാഠങ്ങൾ വെളിപ്പെടുത്തുന്ന വിധവും ആയിരിക്കണം.

## ലഭിക്കാത്ത റിവിഷൻ അവസരം

ഒരു അധ്യാപകൻ വന്ന് ക്ലാസ് എടുക്കുന്നു. അവസാനിപ്പിച്ചതും പോകുന്നു. അടുത്ത ദിവസം എത്തുന്ന അദ്ദേഹം വീണ്ടും ഏതോ ഒരു പുതിയ അധ്യായം പഠിപ്പിക്കുന്നു. അല്ലെങ്കിൽ പഴയ അധ്യായത്തിന്റെ ബാക്കി തുടരുന്നു. വിദ്യാർത്ഥികൾ, 'കഥ ഇതു വരെ' എന്ന പോലെ പഴയ അധ്യായം ആദ്യം റിവിഷൻ ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. കുട്ടികൾ പല കാര്യങ്ങൾ പഠിക്കുന്നുണ്ട്. അതിൽ ചിലത് വീണ്ടും വീണ്ടും പഠിക്കാൻ ആഗ്രഹിക്കും. പക്ഷേ നമ്മുടെ വിദ്യാഭ്യാസ രീതിയിൽ അതിനുള്ള സമയം നാം നൽകാറില്ല. ഉദാഹരണത്തിന്, ജലം തണുപ്പിച്ചാൽ അത് ഐസ് ആകും. ഇത് പുസ്തകത്തിൽ വായിക്കുന്ന ഏത് കുട്ടിയും അത് കണ്ടറിയാൻ ആഗ്രഹിക്കും. പക്ഷേ അതിനുള്ള അവസരം നൽകാതെ അടുത്ത അധ്യായത്തിലേക്ക് കടക്കുമ്പോൾ, വിദ്യാഭ്യാസം രസകരമാക്കുന്ന ചിന്താഗതി കുറയും. അധ്യാപകർക്ക് ഭാവനയും അഭിരുചിയുംഉണ്ടെങ്കിൽ,പാഠങ്ങൾമധുരതരമായി കുട്ടികളെ പഠിപ്പിക്കാൻ കഴിയും.

## ഏറെ നേരം നീളുന്ന സംസാരം

പല അധ്യാപകരും ക്ലാസ് എന്നത് ഒരു ചർച്ചാ വേദിയാണ് എന്ന് ചിന്തിക്കാറില്ല. വിദ്യാർത്ഥികളെ വെറും കാഴ്ചക്കാരായി ചിന്തിച്ച് സംസാരിച്ചു കൊണ്ടേയിരിക്കും. 'ഞാൻ സംസാരിക്കും. നിങ്ങൾ കേൾക്കണം. അതാണ് ക്ലാസ്' എന്ന് ചിന്തിക്കരുത്. ദിവസം മുഴുവനും ഇത്തരത്തിൽ അധ്യാപകർ സംസാരിക്കുന്നത് കേൾക്കുമ്പോൾ വിരസത അനുഭവപ്പെടും. തുള്ളിച്ചാടി നടക്കുന്ന പ്രായത്തിലുള്ള വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ ഇരിക്കുന്നത് മനശ്ശാസ്ത്രപരമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. ആക്ടിവിറ്റികളിലൂടെ പാഠങ്ങൾ പഠിപ്പിക്കണം എന്നാണ് വിദ്യാർത്ഥികൾ ആഗ്രഹിക്കുന്നത്. എല്ലാ വിഷയങ്ങളും അങ്ങനെ പഠിപ്പിക്കാൻ കഴിയില്ലായിരിക്കാം. അത്തരം സന്ദർഭങ്ങളിൽ അധ്യാപകർ തങ്ങളുമായി ചർച്ച ചെയ്യുകയും പഠിപ്പിക്കുകയും വേണമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്.

## മനസ്സിലായില്ലെങ്കിൽ...

അധ്യാപകർ പഠിപ്പിക്കുന്നത് മനസ്സിലായില്ലെങ്കിൽ, പഠിക്കാനുള്ള ആവേശം കുട്ടികൾക്ക് എളുപ്പത്തിൽ നഷ്ടമാകും. ഒരു അധ്യായം അധ്യാപകൻ മനസ്സിലാക്കുന്ന വിധവും വിദ്യാർത്ഥികൾ മനസ്സിലാക്കുന്ന വിധവും വ്യത്യസ്തമായിരിക്കും. താൻ മനസ്സിലാക്കിയതിന് അനുസൃതമായി വിദ്യാർത്ഥികൾക്ക് മനസ്സിലാകുന്ന രീതിയിൽ അധ്യാപകൻ ക്ലാസ് എടുത്തില്ലെങ്കിൽ, അത് പ്രയോജനമില്ലാതെ പോകും. ചില അധ്യാപകർ 'മനസ്സിലായോ' എന്ന് പൊതുവായി ചോദിച്ച്, വിദ്യാർത്ഥികളുടെ മറുപടി പ്രതീക്ഷിക്കാതെ അടുത്ത അധ്യായത്തിലേക്ക് കടക്കും. 'മനസ്സിലായില്ല' എന്ന് കുട്ടികൾ പറഞ്ഞാൽ, 'മറ്റെല്ലാവർക്കും മനസ്സിലായല്ലോ? നിനക്ക് എന്താ പ്രശ്നം? നീ എവിടെ ശ്രദ്ധിച്ചിരിക്കുകയായിരുന്നു?' എന്ന് ചോദിക്കുന്ന അധ്യാപകരും ഉണ്ട്. ഇവ രണ്ടും തെറ്റ്. ഓരോ അധ്യായത്തിന്റെയും അടിസ്ഥാന കാര്യങ്ങൾ വ്യക്തമായി പഠിപ്പിക്കണം. അത് പറയാതെ മുന്നോട്ടു പോയാൽ കുട്ടികൾ ആശയക്കുഴപ്പത്തിലാകും.



## മുഷിപ്പിക്കുന്ന പാഠങ്ങൾ

വിരസത ഉണ്ടാക്കുന്ന വിധം പഠിപ്പിക്കുന്നത്, വിദ്യാർത്ഥികളുടെ പഠന ആവേശം കുറയ്ക്കും. പാഠപുസ്തകങ്ങളിൽ ഉള്ള ഭൂരിഭാഗം വിഷയങ്ങളും കുട്ടികളുടെ ജീവിതവുമായി നേരിട്ട് ബന്ധമില്ലാത്തവയാണ്. 'ഇവ പഠിക്കുന്നതു കൊണ്ട് ഇപ്പോൾ എന്താണ് നേട്ടം, ഭാവിയിൽ എന്താണ് നേട്ടം' എന്ന് കുട്ടികൾ ചിന്തിക്കും. അവർക്ക് ഈ വിഷയങ്ങൾ ജീവിതത്തിൽ ഉണ്ടാക്കുന്ന നേട്ടങ്ങളെക്കുറിച്ച് എടുത്ത് പറയണം. അവർക്ക് ഇഷ്ടപ്പെട്ട വിഷയങ്ങൾ ചേർത്ത് പഠിപ്പിക്കുമ്പോൾ മാത്രമാണ് കുട്ടികൾ ആവേശത്തോടെപഠിക്കുന്നത്. വിരസതനൽകുന്ന ഒരു വിഷയം പോലും അധ്യാപകർ ചിന്തിച്ചാൽ രസകരമാക്കാം.

## മര്യാദ നൽകാത്തത്

കുട്ടികൾ ആവേശത്തോടെ ചില സമയങ്ങളിൽ സംശയം ചോദിക്കും. അത്തരം കുട്ടികളോട്, 'ചെറിയ വായിൽ വലിയ ചോദ്യം ചോദിക്കരുത്' എന്ന് മറ്റ് കുട്ടികൾക്ക് മുന്നിൽ ശകാരിച്ചാൽ, അവർ അപമാനം കൊണ്ട് തല താഴ്ത്തും. ആത്മാഭിമാനം കുട്ടികൾക്കും മുതിർന്നവർക്കും വ്യത്യസ്തമല്ല. വിദ്യാർത്ഥികളുടെ ആത്മാഭിമാനത്തിന് മുറിവേൽപിച്ചാൽ അതും പഠന ആവേശം കുറയ്ക്കും. തങ്ങളെ ബഹുമാനിക്കുന്ന അധ്യാപകരെയാണ് കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്നതും.

ഈ ആറ് കാര്യങ്ങളും രക്ഷിതാക്കളും അധ്യാപകരും മനസ്സിലാക്കി പ്രവർത്തിച്ചാൽ കുട്ടികളുടെ പഠന ആവേശം വർധിച്ച് പഠനം മികവുറ്റതാകും. ●



# ഗുരു പറയുന്ന അനുഭവ പാഠം

വെസ്റ്റ് ഇൻഡീസിൽ പല സർവകലാശാലകളിലും ബിരുദദാന ചടങ്ങിൽ പ്രമുഖരെ പ്രഭാഷണത്തിനായി വിളിക്കാറുണ്ട്. സ്കൂൾ, കോളെജ് പഠനങ്ങൾ പൂർത്തിയാക്കിയ ശേഷം, വിദ്യാർത്ഥിക്കാലം കടന്ന് ജീവിതത്തിൽ കടക്കുന്ന യുവതയ്ക്ക് ആ ജീവിതത്തെക്കുറിച്ചും അതിന്റെ ആദർശങ്ങളെക്കുറിച്ചും ബോധവൽക്കരിച്ച് ആത്മവിശ്വാസം ഊട്ടിയുറപ്പിക്കുകയാണ് ഈ പ്രഭാഷണങ്ങളുടെ ലക്ഷ്യം.

വെസ്റ്റ് ഇൻഡീസിനേക്കാൾ മികവുറ്റ പാരമ്പര്യമുള്ള വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ത്യക്കുള്ളത്. ലോകത്തിലെ പുരാതനമായ നളന്ദാ സർവകലാശാല, ഇന്ത്യ എങ്ങനെയാണ് വിദ്യാഭ്യാസം നൽകിയിരുന്നത് എന്നതിന് ഉദാഹരണം.

3,000 വർഷങ്ങൾക്ക് മുമ്പുള്ള ഗ്രന്ഥമായാണ് 'തൈത്തിരീയോപനിഷത്ത്' കരുതപ്പെടുന്നത്. തന്റെ ഗുരുകുലത്തിൽ പഠനത്തിന് ചേർന്ന വിദ്യാർത്ഥികൾക്കായി ഒരു ഗുരു നടത്തുന്ന വിടവാങ്ങൽ പ്രസംഗം ഇതിൽ ഉണ്ട്. ഇത് ഏതാണ്ട് ബിരുദദാന ചടങ്ങിലെ പ്രഭാഷണം പോലെയുള്ളതാണ്. പ്രൗഢമായ ആ പ്രഭാഷണത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപദേശങ്ങൾ ഇതാ...

- എപ്പോഴും സത്യം സംസാരിക്കണം; നിന്റെ ഉത്തരവാദിത്തങ്ങൾ അവഗണിക്കാതെ ചെയ്യണം.
- പഠനം പൂർത്തിയായെന്ന് ചിന്തിക്കരുത്, പുസ്തകങ്ങൾ തുടർന്നും വായിക്കണം.
- അധ്യാപകരോടുത്തുള്ള ജീവിതം ഇന്നത്തോടെ അവസാനിക്കുകയാണ്. ഇനി കുടുംബ ജീവിതത്തിലേക്ക് കടന്ന്, മധുരതരമായി ജീവിക്കണം.
- സത്യത്തിന്റെ നിഴലിൽ നിന്നും ധർമ്മത്തിന്റെ പാതയിൽ നിന്നും അൽപം പോലും വ്യതിചലിക്കരുത്.
- തൊഴിൽ, ജോലി എന്നിങ്ങനെ ഏത് ചെയ്താലും, അത് സമൂഹത്തിന് പ്രയോജനപ്രദമാകണം എന്നത് മറക്കരുത്.
- പഠിച്ച വിദ്യാഭ്യാസം കൊണ്ട് സാധനകൾ കൈവരിക്കണം. പഠിച്ചത് മറക്കരുത്; വീണ്ടും വീണ്ടും ഓർക്കണം.
- ഈശ്വരനേയും പൂർവികരേയും എപ്പോഴും ഓർക്കണം.
- മാതാ, പിതാ, ഗുരു എന്നീ മൂന്നു പേരും ഈശ്വരന്മാർ.
- വീട്ടിൽ എത്തുന്ന അതിഥികളെ നന്നായി ഉപചരിക്കണം. നിന്നെ പരീക്ഷിക്കാൻ ദൈവം തന്നെ വന്നിരിക്കുകയാണെന്ന് കരുതണം.
- നല്ലതും കെട്ടതും വേർതിരിച്ചു കാണണം. കെട്ടത് ഉപേക്ഷിക്കണം; എപ്പോഴും നല്ലത് ചെയ്യണം.
- നിന്റെ ഗുരുവിൽ നീ കണ്ട നല്ലത് മാത്രം പിൻപറ്റണം; അവരിലെ കുറവുകൾ മറക്കണം.
- ഈ ദിവസം വരെ നീ കണ്ട ഗുരു നിനക്ക് ഏറ്റവും വലിയ മനുഷ്യനായിരുന്നിരിക്കാം. ഇനി സമൂഹത്തിൽ അദ്ദേഹത്തേക്കാൾ വലിയ മനുഷ്യരെ കണ്ടുമുട്ടാൻ പോകുകയാണ്. അവരെ ബഹുമാനിക്കണം. ●

# നല്ല അധ്യാപകരും മികച്ച അധ്യാപകരും

നല്ല അധ്യാപകർ ധാരാളം പേരുണ്ട്. അവരിൽ മികച്ച അധ്യാപകരായി മാറുന്നവർ ചിലർ മാത്രം. രണ്ടിനും വ്യത്യാസങ്ങൾ എന്തൊക്കെയാണ്?

- ഒരു വിദ്യാർത്ഥിക്ക് ഒരു വിഷയം മനസ്സിലായില്ലെങ്കിൽ, നല്ല അധ്യാപകർ അത് മനസ്സിലാകും വിധം വീണ്ടും പഠിപ്പിക്കും. മികച്ച അധ്യാപകരോ, ആ വിഷയം എന്തു കൊണ്ട് മനസ്സിലാകുന്നില്ല എന്ന് മനസ്സിലാക്കി ആ പ്രശ്നം പരിഹരിക്കും.
- ഏത് പ്രശ്നവും എങ്ങനെ പരിഹരിക്കണമെന്ന് ഒരു നല്ല അധ്യാപകൻ പഠിപ്പിക്കും. മികച്ച അധ്യാപകരോ, പരസഹായമില്ലാതെ നിങ്ങളെ ആ പ്രശ്നത്തിന് പരിഹാരം കാണാൻ പ്രാപ്തരാക്കും.
- ഒരു നല്ല അധ്യാപകൻ തന്റെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകത്തിലുള്ളതെല്ലാം പറഞ്ഞു തരും.



മികച്ച അധ്യാപകരോ, ആ വിഷയവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ചിന്തകളെ ഉണർത്തും. അത് ഭാവിയിൽ എങ്ങനെ സഹായിക്കും എന്ന് ബോധ്യപ്പെടുത്തും.

- ഒരു നല്ല അധ്യാപകൻ, പരീക്ഷയിൽ നല്ല മാർക്കുകൾ നേടാൻ വിദ്യാർത്ഥികളെ തയാറാക്കും. മികച്ച അധ്യാപകരോ, തന്റെ വിഷയം വിദ്യാർത്ഥികൾ പല വർഷങ്ങൾ ഓർത്ത് വച്ച് ജീവിതത്തിൽ ഉപയോഗപ്പെടുത്തണം എന്ന് ആഗ്രഹിക്കും.
- ഒരു നല്ല അധ്യാപകൻ തന്റെ വിദ്യാർത്ഥികളിൽ നിന്ന് നല്ല ബഹുമാനം സമ്പാദിക്കും. ഒരു മികച്ച അധ്യാപകനോ, തന്റെ വിദ്യാർത്ഥികളുടെ റോൾ മോഡൽ ആയിരിക്കും.
- ഒരു നല്ല അധ്യാപകൻ, തന്റെ വിദ്യാർത്ഥികൾ എങ്ങനെ പഠിക്കുന്നു എന്ന് നോക്കി പഠന മികവ് മെച്ചപ്പെടുത്തും. ഒരു മികച്ച അധ്യാപകനോ, അവർ എവിടെ നിന്നാണ് വരുന്നത് എന്ന് മനസ്സിലാക്കി ആത്മവിശ്വാസം വളർത്തും.
- ഒരു നല്ല അധ്യാപകൻ, ഉത്തരക്കടലാസ് നോക്കി മാർക്ക് ഇട്ട് നല്ല മാർക്ക് നേടിയവരെ പ്രശംസിക്കും. ഒരു മികച്ച അധ്യാപകനോ, ഓരോ വിദ്യാർത്ഥിയുടെയും കഴിവ് കണ്ടറിഞ്ഞ് സംസാരിച്ച് അവരെ പ്രചോദിതരാക്കും.
- ഒരു നല്ല അധ്യാപകൻ, താൻ പഠിപ്പിക്കുന്ന വിഷയത്തിൽ നല്ല താൽപര്യം കാണിക്കും. ഒരു മികച്ച അധ്യാപകനോ, ആ വിഷയത്തിലുള്ള താൽപര്യം ഓരോ വിദ്യാർത്ഥിയിലും ഏർപ്പെടുത്തും.
- ഒരു നല്ല അധ്യാപകർ പാഠത്തിലുള്ള വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കും. ഒരു മികച്ച അധ്യാപകനോ, അവ എല്ലാം എന്തു കൊണ്ടാണ് പാഠങ്ങളായിരിക്കുന്നത് എന്ന് വിശദമാക്കും.
- ഒരു നല്ല അധ്യാപകൻ, തന്റെ വിദ്യാർത്ഥികൾ സ്വന്തം കഴിവ് പൂർണമായും മനസ്സിലാക്കി പഠിക്കാൻ പ്രചോദിപ്പിക്കും. ഒരു മികച്ച അധ്യാപകനോ, തന്റെ ഓരോ വിദ്യാർത്ഥിക്കും അവരുടെ യഥാർത്ഥ കഴിവ് ചൂണ്ടിക്കാണിക്കും.
- ഒരു നല്ല അധ്യാപകൻ, ജീവിതത്തിൽ ചില സമയങ്ങളിൽ വിദ്യാർത്ഥികളുടെ ഓർമ്മയിൽ എത്തും. ഒരു മികച്ച അധ്യാപകനോ, ജീവിതകാലം മുഴുവനും ഓർക്കപ്പെടും.

## അധ്യാപകരെ ബഹുമാനിക്കുന്ന നാട്

ലോകത്തിൽ മികച്ച വിദ്യാഭ്യാസ സമ്പ്രദായം ഉള്ള രാജ്യമാണ് ഫിൻലാൻഡ്. അവിടെ പ്രാഥമിക വിദ്യാലയത്തിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് ആദ്യ ആറു വർഷങ്ങളിൽ ഒരേ അധ്യാപകരായിരിക്കും ക്ലാസ് എടുക്കുന്നത്. കുട്ടികളെ മനസ്സിലാക്കി, നിയന്ത്രിച്ച്, വിദ്യാഭ്യാസവും ജീവിത പാഠവങ്ങളും പഠിപ്പിച്ച് വഴികാട്ടേണ്ടത് അധ്യാപകരുടെ കടമ. ഓരോ സ്കൂൾ അന്തരീക്ഷത്തിനും അനുസൃതമായ പാഠ്യ പദ്ധതിയും അധ്യാപന രീതിയും തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം അധ്യാപകർക്ക് ഉണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിന് എത്തുന്ന ഒരു വിദ്യാർത്ഥിക്ക്, ഹയർസെക്കൻഡറി അവസാനിക്കുമ്പോൾ ഒരൊറ്റ പരീക്ഷ എഴുതിയാൽ മതിയാകും. 'ഇടയ്ക്കിടെ പരീക്ഷ എഴുതിയതു കൊണ്ടു മാത്രം കുട്ടികൾ ബുദ്ധിശാലികൾ ആവില്ല' എന്ന് പറയുന്നു ഫിൻലാൻഡ് വിദ്യാഭ്യാസ പണ്ഡിതർ.

നമ്മുടെ നാട്ടിൽ മെഡിക്കൽ കോളെജിൽ സീറ്റ് ലഭിക്കുന്നത് കഠിനം. ഫിൻലാൻഡിൽ ടീച്ചർ ട്രെയിനിംഗ് കോളെജിൽ സീറ്റ് ലഭിക്കുന്നത് കഠിനം. അപേക്ഷിക്കുന്ന 10 പേരിൽ ഒരാൾക്കേ അധ്യാപക പരിശീലനത്തിൽ ചേരാൻ അവസരം ലഭിക്കൂ. ഡോക്ടർമാർക്കും കോളെജ് പ്രൊഫസർമാർക്കും സമാനമായ ശമ്പളം സ്കൂൾ അധ്യാപകർക്ക് ലഭിക്കും. സമൂഹം ബഹുമാനിക്കുന്ന ഒരു ജോലി കൂടിയാണ് അത്.

## ആരെയും തോൽപിക്കാത്ത സ്കൂൾ

സ്വീഡനിൽ സ്കൂളുകൾ ആരെയും തോൽപിക്കില്ല. ഒരു വിദ്യാർത്ഥിയുടെ പഠനം മോശമാണെങ്കിൽ, ഉടൻ അത് ഒരു വലിയ പ്രശ്നമായി സ്കൂൾ കാണും. മൊത്തം അധ്യാപകരും രക്ഷിതാക്കളോട് സംസാരിച്ച്, അതിന്റെ കാരണം മനസ്സിലാക്കി പരിഹരിക്കും. 'ഒന്നാം റാങ്ക്', 'അവസാന റാങ്ക്' എന്ന് മുദ്രകുത്തുന്ന പതിവ് സ്വീഡനിൽ ഇല്ല. എ, ബി, സി എന്ന ഗ്രേഡ് രീതിയാണ് പിൻതുടരുന്നത്. മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല ഗ്രേഡ് നൽകുന്നത്. ചുറ്റുപാടുകളുടെ അടിസ്ഥാനത്തിലും ഗ്രേഡ് നിർണയിക്കും.

ഉദാഹരണത്തിന്, ഒരു വിദ്യാർത്ഥിക്ക് ഒരു പരീക്ഷ എഴുതാൻ കഴിഞ്ഞില്ലെങ്കിൽ, ആ കുട്ടിയെ തോൽപിക്കുന്നതാണ് നമ്മുടെ രീതി. പക്ഷേ, സ്വീഡനിൽ ഒരു വിദ്യാർത്ഥി ഒരു പരീക്ഷ എഴുതാതെ പോയാൽ, 'എഫ്' ഗ്രേഡ് നൽകും. അതിന് അർത്ഥം 'ചുറ്റുപാടുകൾ കൊണ്ട് ഈ കുട്ടിയെ പരീക്ഷയിലൂടെ വിലയിരുത്താൻ കഴിഞ്ഞില്ല' എന്നാണ്.





## ഓരോ കുട്ടിക്കും ഓരോ സ്കൂൾ


വ്യത്യസ്തമായ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ഉള്ള രാജ്യമാണ് പോളണ്ട്. വാൽഡ്രോഫ് എന്നറിയപ്പെടുന്ന തരത്തിലുള്ള സ്കൂളിൽ എല്ലാ വിദ്യാർത്ഥികൾക്കും സിലബസ് ഒന്നായിരിക്കില്ല. 'ഓരോ വിദ്യാർത്ഥിക്കും നന്നായി മനസ്സിലാകുന്നത് എന്ത്, കുട്ടിയുടെ കഴിവ് എന്ത്' എന്നതെല്ലാം മനസ്സിലാക്കി വ്യത്യസ്തമായ പാഠ്യപദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. നന്നായി പഠിക്കുന്ന വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത്, അവർക്ക് വീണ്ടും മറ്റ് വിഷയങ്ങൾ പഠിക്കാനായി വ്യത്യസ്ത സിലബസ് നൽകും മറ്റൊരു രീതിയിലുള്ള സ്കൂൾ.

സ്പെഷ്യൽ സ്കൂളുകൾ എന്ന രീതിയിൽ പൊതുവായ വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കൂളുകളും ഉണ്ട്. ഒരു വിദ്യാർത്ഥിയെ രക്ഷിതാക്കൾക്കും പഠിപ്പിക്കാൻ അവസരം നൽകുന്ന സ്കൂളുകളും ഉണ്ട്. 'ഒരാൾക്ക് ചെയ്യാനും പഠിക്കാനും കഴിയുന്നത് മറ്റൊരാൾക്ക് വഴങ്ങണമെന്നില്ല. ഇങ്ങനെ വ്യത്യാസങ്ങൾ ഉള്ളപ്പോൾ, എങ്ങനെ മൊത്തം വിദ്യാർത്ഥികൾക്കും ഒരേ സിലബസ് നൽകാൻ കഴിയും.' എന്ന ചോദ്യം പോളണ്ട് സ്കൂളുകൾ നമ്മോട് ചോദിക്കുന്നു.

## ഗവേഷണം പ്രധാനം

ഒരു വിഷയം പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നതിന് മുമ്പ് അതേക്കുറിച്ച് നന്നായി ഗവേഷണം നടത്തി, എങ്ങനെ, ഏത് പ്രായത്തിൽ അത് പഠിപ്പിക്കണം എന്ന് തീരുമാനിക്കുന്നതിൽ മുൻനിരയിലാണ് ഓസ്ട്രേലിയ. ഉദാഹരണത്തിന്, കുട്ടികൾ എങ്ങനെയാണ് ക്ലോക്ക് നോക്കി സമയം പറയുന്നത് എന്നതിൽ പോലും വിശദമായ ഗവേഷണം നടത്തിയിട്ടുണ്ട്. ആദ്യം സൂര്യൻ ഉദിച്ച് അസ്തമിക്കുന്നത് കുട്ടികൾ മനസ്സിലാക്കും, അടുത്തത്, 'ഇന്ന്, നാളെ' എന്നിങ്ങനെ ദിവസങ്ങളുടെ വ്യത്യാസം മനസ്സിലാക്കും. അടുത്തതായി, 'കുറഞ്ഞ സമയം, കൂടുതൽ സമയം' എന്നത് മനസ്സിലാക്കും.കപ്പലിൽപോയാൽപതിയെയും വിമാനത്തിൽപോയാൽവേഗത്തിലുംചെല്ലാൻ കഴിയുംഎന്നത്മനസ്സിലാക്കും.അതിനുശേഷം മാത്രമായിരിക്കും,നേരംഅളക്കുന്നക്ലോക്കിന്റെ ചെറിയ സൂചിയേയും വലിയ സൂചിയേയും കുറിച്ച് അറിയാൻ താൽപര്യം കാണിക്കുക. ഡിജിറ്റൽ ക്ലോക്ക് നോക്കി, സാധാരണ ക്ലോക്കിലെ സമയം കൃത്യമാക്കാനുള്ള കഴിവ് നേടിയ ശേഷമായിരിക്കും, ഒരു കുട്ടി ക്ലോക്ക് നോക്കുന്നതിലെ പരിപൂർണ അറിവ് നേടുന്നത്. ക്ലോക്ക് നോക്കി സമയം പറയുന്നതിൽപോലുംഎത്ര കണ്ട് ഗവേഷണം നടത്തിയിരിക്കുന്നു എന്ന് നോക്കൂ. ഇതാണ് ഓസ്ട്രേലിയയുടെ വിദ്യാഭ്യാസ സമ്പ്രദായം.

'ഉയർന്ന ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് കൂടുതൽ ശമ്പളം, പ്രാരംഭ സ്കൂളുകളിലെ അധ്യാപകർക്ക് കുറഞ്ഞ ശമ്പളം' എന്നത് അവിടെ ഇല്ല. ഏതാണ്ട് എല്ലാ അധ്യാപകർക്കും ഒരേ ശമ്പളം. അതിനാൽ തന്നെ പൂർണ സംതൃപ്തിയോടെയാണ് അവിടെ അധ്യാപകർ ജോലി ചെയ്യുന്നത്.



## പുതിയ സ്കൂൾ

കൊളംബിയയിൽ വിദ്യാഭ്യാസ സമ്പ്രദായം 'എസ്ക്യുലാ ന്യൂവാ' (പുതിയ സ്കൂൾ) എന്നാണ് അറിയപ്പെടുന്നത്. പൊതുവായി ഒരു ക്ലാസിൽ അധ്യാപകരും വിദ്യാർത്ഥികളും മുഖത്തോടു മുഖം നോക്കിയായിരിക്കും ഇരിക്കുക. അധ്യാപകർ ബ്ലാക്ക് ബോർഡിൽ എഴുതിക്കൊണ്ട് പഠിപ്പിക്കും. വിദ്യാർത്ഥികൾ നിരനിരയായി എതിരിൽ ഇരുന്ന് അത് ശ്രദ്ധിച്ച് കേൾക്കും. 'ഒരു അധ്യായം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കണം. എല്ലാ ക്ലാസിലെയും വിദ്യാർത്ഥികളെയും വിജയത്തിലെത്തിക്കണം' എന്ന രീതിയിലായിരിക്കും അധ്യാപകർ പ്രവർത്തിക്കുന്നത്. ഇതാകട്ടെ വിദ്യാർത്ഥികൾക്ക് പാഠം മനസ്സിലാകുന്നതിനേക്കാൾ നല്ല മാർക്ക് നേടുന്നതാണ് പ്രധാനം എന്ന തോന്നൽ ഉണ്ടാക്കും.



'എസ്ക്യൂലാ ന്യൂവോ' രീതിയിൽ അധ്യാപകരും വിദ്യാർത്ഥികളും വൃത്തത്തിലോ ദീർഘവൃത്തത്തിലോ ഇരിക്കും. വിദ്യാർത്ഥികൾ പുസ്തകം കൈയിൽ വച്ചിരിക്കും. അവിടെ അധ്യാപകർ മൊത്തത്തിലായി ക്ലാസ് എടുക്കില്ല. ചർച്ചകളിലൂടെയാണ് വിദ്യാഭ്യാസം പുരോഗമിക്കുന്നത്. ഉദാഹരണത്തിന്, 'സസ്യങ്ങൾ എങ്ങനെയാണ് പ്രകാശസംശ്ലേഷണത്തിലൂടെ ഭക്ഷണം തയാറാക്കുന്നത്' എന്ന പാഠം സിലബസിൽ ഉണ്ടെങ്കിൽ, വിദ്യാർത്ഥികൾ അതേക്കുറിച്ച് ചർച്ച ചെയ്യും. അവർ പഠിച്ച് ഓരോരുത്തരെയും പഠിപ്പിക്കാൻ ശ്രമിക്കും. അതിൽ ചിലർക്ക് പൂർണമായുംമനസ്സിലായിരിക്കും.ചിലർക്ക്അങ്ങിങ്ങ് മനസ്സിലായിരിക്കും. അപ്പോൾ അധ്യാപകരോട് ചോദിക്കും. അദ്ദേഹം എല്ലാവർക്കും വ്യക്തമായി പറഞ്ഞു കൊടുക്കും.

സ്വയം പഠിക്കുന്നതിനാൽ വിദ്യാർത്ഥികൾ നന്നായിമനസ്സിലാക്കും. വിദ്യാർത്ഥികൾ പരസ്പരം അധ്യാപകരായി മാറുന്നതിനാൽ, കൂടുതൽ ആഴത്തിൽ പഠിക്കാൻ സാധിക്കും. •

# പ്രചോദനം നൽകൂ അധ്യാപകരേ!



കുതിർന്ന കളിമണ്ണായി സ്കൂളിൽ ചുവടെടുത്തു വയ്ക്കുന്ന കുട്ടികളെ, ഭംഗിയുള്ള ശിൽപങ്ങളാക്കി മാറ്റുന്നവരാണ് അധ്യാപകർ. 'നിന്നെപ്പോലെ മികവുറ്റവർ ആരുമില്ല. നിന്നെയോർത്ത് ഞാൻ അഭിമാനിക്കുന്നു. നിന്റേത് തനതു ഗുണങ്ങളാണ്. നിനക്ക് എന്തും സാധ്യമാകും എന്നെനിക്ക് വിശ്വാസമുണ്ട്. ഈ ക്ലാസിലെ എന്റെ സന്തോഷം നീയാണ്. നീ കഴിവുറ്റവനാണ്. നിന്റെ കഴിവുകൾ എന്നെ അത്ഭുതപ്പെടുത്തുന്നു. നിനക്ക് ദയയുമുണ്ട്. നിനക്ക് ചുറ്റുമുള്ളവരേയും നീ സന്തോഷപ്പെടുത്തുന്നു. നീ ചെയ്തിരിക്കുന്നത് ഏറ്റവും മികച്ച കാര്യം. ഇത് തുടർന്ന് ചെയ്താൽ സ്കൂളിനും നിന്റെ കുടുംബത്തിനും അഭിമാനം. നീയാണ് ഇവിടെ നമ്പർ 1 വിദ്യാർത്ഥി' എന്നെല്ലാം അധ്യാപകർ പ്രശംസിക്കുമ്പോൾ, അവസാന ബെഞ്ചിലിരിക്കുന്ന വിദ്യാർത്ഥികൾ പോലും മുൻ ബെഞ്ചിലെത്തും.

പ്രചോദനം നൽകി വളർത്തിയെടുക്കുന്ന അധ്യാപകർ, പല കുട്ടികൾക്കും അമ്മയുടെയും അച്ഛന്റെയും അവതാരമാകുകയാണ്. പാഠപുസ്തകങ്ങൾക്കും അപ്പുറം ജീവിതാനുഭവങ്ങൾ കുട്ടികളെ കാണിച്ച്, ഈ ലോകത്ത് മധുരതരമായി ജീവിക്കാൻ പ്രചോദനം നൽകുന്നത് അധ്യാപകരാണ്. അതിന് ചില അടിസ്ഥാന വിഷയങ്ങൾ മാത്രം മതി:

- തങ്ങളെ നിയന്ത്രിക്കാനുള്ള മാർഗങ്ങൾ കുട്ടികളെ പഠിപ്പിക്കണം.
- ജീവിതത്തിന്റെ ലക്ഷ്യം എന്താണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം.
- ഭയമില്ലാതെ സ്വയം വെളിപ്പെടുത്താനുള്ള ചുറ്റുപാട് അവരിൽ ഉണ്ടാക്കണം.
- ക്ലാസ്മുറിക്കും അപ്പുറമുള്ള ലോകം അവർക്ക് പരിചയപ്പെടുത്തണം.
- പുസ്തകങ്ങളിലെ അക്ഷരങ്ങൾ മാത്രം അനുഭവങ്ങൾ നൽകില്ല. ജീവിതാനുഭവങ്ങൾ അവർക്ക് പ്രായോഗികമായി പഠിപ്പിക്കണം.
- മത്സരം ഇല്ലാതെ വിജയപരാജയങ്ങൾ ഇല്ല. പക്ഷേ, അതിന് അസൂയ ഉണ്ടാക്കാത്ത വിധം, ആരോഗ്യകരമായ മത്സരം രൂപപ്പെടുത്തി നൽകണം. പരാജയത്തിൽ പതറാത്ത കരുത്ത് നേടാനും വഴികാട്ടണം.
- ഇടയ്ക്കിടെ സമ്മാനങ്ങൾ നൽകി ആശ്ചര്യപ്പെടുത്തണം. ജീവിതത്തിൽ മുന്നേറുന്ന ഓരോ ഘട്ടത്തിലും സമ്മാനങ്ങൾ ലഭിക്കും എന്ന് ബോധ്യപ്പെടുത്തണം.
- ആവശ്യമായ സമയങ്ങളിൽ പ്രശംസ കൊണ്ട് അവരെ പൊതിയണം. അത് എല്ലാവരുടെ മുന്നിൽ വച്ചും ആയിരിക്കണം.
- ഉത്തരവാദിത്തബോധവും സഹകരണ മനോഭാവവും നേടാൻ അവർക്ക് വഴികാട്ടണം.
- പുതുതായി അവർ എന്തു ചെയ്താലും അത് അത്ഭുതത്തോടെ കാണണം. ആ അത്യാനന്ദം അവരെയും അനുഭവപ്പെടുത്തണം.
- ടെൻഷൻ എങ്ങനെ നിയന്ത്രിക്കണം എന്ന് പഠിപ്പിക്കണം. ഏതെങ്കിലും ഒരു വിഷയം അവർക്ക് വഴങ്ങുന്നില്ല എന്നുണ്ടെങ്കിൽ, 'ഇതോടെ ലോകം അവസാനിക്കുന്നില്ല' എന്ന് അവരെ ബോധ്യപ്പെടുത്തണം.
- സ്വയം വിലയിരുത്താൻ അവരെ പഠിപ്പിക്കണം.
- അവർക്ക് എന്ത് കഴിവാണ് ഉള്ളത്, ഏതിലാണ് താൽപര്യം ഉള്ളത് എന്നത് കണ്ടറിയാൻ നിങ്ങളേക്കാൾ മികച്ചവർ ആരുമില്ല.
- ലക്ഷ്യങ്ങൾ നിർണയിച്ച്, അവ കൈവരിക്കാൻ വഴികാട്ടണം. അവർക്ക് വിജയിക്കാനുള്ള അവസരങ്ങൾ ഏർപ്പെടുത്തണം.



Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 & Printed by B. ASHOK KUMAR at RATHNA OFFSET PRINTERS, 40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL




SUKRA® SUPER FINE COTTON VESTS | ROMEX® SUPERIOR BANIANS | RISE-UP® PREMIUM BANIANS | ACOSTE® LUXURY INNERWEARS | Breeze® Eye Let Vests | WinStripe® STRIPED BANIANS | ARCHERY® GYM VEST | COMPACT® PREMIUM COTTON RIB VESTS | LITTLE STARS® KIDS INNERWEARS

Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-09-2025.Posted at Tirupur BPC on 5th of every month.




Available at Ramraj Showrooms and All Leading Textile Shops | www.ramrajcotton.in